# മുന്നണിപ്പട

നമ്പർ 5 മെയ്-ജൂൺ 1993


## മേത്തയുടെ ഉപദേശം

നെഹ്രുവിന്റെ മന്ത്രിസഭയിലെ അഴിമതി തുറന്നുകാട്ടി ഒരു മന്ത്രിയെ രാജിവയ്ക്കാൻ നിർബന്ധിച്ചത് കോൺഗ്രസ്സ് അംഗവും മരുമകനുമായ ഫിറോസ് ഗാന്ധിയായിരുന്നു. ഇദ്ദേഹത്തിന്റെ ഭാര്യ ഇന്ദിരാ ഗാന്ധിയെക്കുറിച്ച് പല ആരോപണങ്ങളും ഉന്നയിക്കപ്പെട്ടുവെങ്കിലും ആർക്കും ഒന്നും സ്ഥാപിക്കാൻ കഴിഞ്ഞില്ല. തെളിവുനൽകാൻ കഴിയുമായിരുന്ന നാഗർവാല കൊലചെയ്യപ്പെട്ടപ്പോഴും തെളിവില്ലാതെ അതും മുങ്ങിപ്പോയി. മകൻ രാജീവ് ഗാന്ധിക്ക് ബോഫോഴ്സ് അഴിമതി വിവാദത്തിൽ അധികാരം നഷ്ടപ്പെട്ടു. സ്വിസ്സ്ബാങ്ക് അക്കൗണ്ടുകളും ഇടനിലക്കാരെയും മണത്തുപിടിച്ച എതിരാളികൾക്ക് പക്ഷെ മണം കൊണ്ട് തൃപ്തിപ്പെടേണ്ടിവന്നു. ഇന്ത്യൻ ഭരണവർഗ്ഗത്തിന്റെ ജീർണ്ണതക്കനുസൃതമായി ആരോപണങ്ങളുടെയും തെളിവുകളുടെയും കുത്തിയൊഴുക്ക് തീവ്രമാകുന്ന ഈ ചരിത്രത്തിലെ ഒരു വഴിത്തിരവാണ് ഹർഷദ് മേത്ത. അധികാരത്തിന്റെ ഇടനാഴികകളും ഉന്നതരുടെ വിരുന്നുസൽക്കാരങ്ങളും വിട്ട്, പത്രങ്ങളുടെ ഗവേഷണബുദ്ധിയുടെ ഫലമായി കിനിഞ്ഞുകിട്ടുന്ന ശകലങ്ങൾക്കും പകരം, ഇപ്പോൾ ഇന്ത്യ ഇതുവരെ കണ്ടതിൽവച്ചേറ്റവും വലിയ പത്രസമ്മേനത്തിലൂടെയാണ് നരസിംഹറാവു കോഴവാങ്ങിയ കഥ നാംഅറിയുന്നത്. കൊടുത്തവൻ തന്നെ അത് വിളിച്ചുപറയുന്ന, ഒരു നാണവുമില്ലാതെ, വാങ്ങിയവനും, അത്രതന്നെ നാണമില്ലാതെ, ആരോപണം നിഷേധിക്കുന്നതിനുപകരം മുട്ടാപ്പുന്യായങ്ങൾപറഞ്ഞ് ഒരു കുസലുമില്ലാതെ അധികാരത്തിൽ തുടരുന്നു.

പഴയ സത്യസന്ധരായ രാഷ്ട്രീയപ്രവർത്തകരുടെ സ്ഥാനത്ത് മൂല്യബോധം നഷ്ടപ്പെട്ട ഒരുപറ്റം അധികാര മോഹികൾ എവിടെനിന്നോ വന്നുചേക്കേറിയതല്ല പ്രശ്നം. ഹർഷദ്മേത്തയുടെ ആരോപണങ്ങൾ ഒരു വ്യക്തിയുടെ അഴിമതിയെ ആണ് തുറന്നു കാട്ടുന്നത്. പക്ഷെ കുറെവർഷങ്ങളായി ഈ രാജ്യത്തിന്റെ സമ്പദ്ഘടനയുടെ ഉന്നതശ്രേണികൾ എല്ലാംതന്നെ ഇല്ലാത്ത പണം കൊണ്ടുള്ള തിരിമറികളിലൂടെ, നിയമവിരുദ്ധമായ തട്ടിപ്പുകളിലൂടെ, ബന്ധപ്പെട്ട എല്ലാവരുടെയും അറിവും സമ്മതത്തോടും കൂടിതന്നെയാണ് നിലനിന്നതും വളർന്നതും. ആവൃത്തികേടിലെ ഒരു പ്രധാന കണ്ണിയായിരുന്നല്ലോ മേത്ത. ഒരു 'പ്രത്യയശാസ്ത്ര'ത്തിലും വിശ്വസിക്കാത്ത. സ്വതന്ത്രവിപണിയെമാത്രം. പിന്തുണക്കുകയും അതിന് തടസ്സം നില്ക്കുന്നതെല്ലാം നീക്കം ചെയ്യൻ ശ്രമിക്കുകയും ചെയ്ത മേത്തയുടെ വിദഗ്ദഉപദേശങ്ങൾ നരസിംഹറാവുവിന് വളരെ രുചിച്ചുവെന്നും, ധനമന്ത്രാലയത്തിലെ ഉന്നതരുമായി ഒരു ചർച്ച [illegible]ാമെന്ന് ഏൽക്കുകയും ചെയ്തു എന്ന് നാമ[illegible] അ[illegible]റിയുന്നു. ഈ അറിവ് ആരെയും അലോസരപ്പെ[illegible]തുന്നില്ല എന്നത് ശ്രദ്ധേയമാണ് റാവുവിന്റെ [illegible]ലക്ക് അലമുറകൂട്ടുന്നവർക്കും ഇതിൽ അപാകതയൊന്നും തോന്നുന്നില്ല എന്തായിരുന്നു ഉപദേശം? സർക്കാർകടങ്ങൾക്ക് പകരം പൊതുമേഖലാ സ്ഥാപനങ്ങളിലെ ഓഹരി നൽകുക. കടക്കെണിയിൽനിന്നും രക്ഷപ്പെടാം ആസ്തിയും വർദ്ധിപ്പിക്കാം. ചില കടലാസുകഷണങ്ങളുടെ കൈമാറ്റത്തിലുടെ സമ്പദ്ഘടനയെ ഇത്ര എളുപ്പത്തിൽ ഉത്തേജിപ്പിക്കാമെന്ന് അറിവായിരിക്കാം റാവുവിനെ അത്ഭുതപ്പെടുത്തിയത്. 'സ്വന്തം സമ്പദ്ഘടനക്കുണ്ടായ ഇത്രമേശമല്ലാത്ത ഉത്തേജനവും കൂടി കണക്കിലെടുക്കുമ്പോൾ ഇതൊരു . ഭാരത്‌രത്നക്ക് മേത്തയെ എന്തുകൊണ്ടും അർഹനാക്കേണ്ടതായിരുന്നു' ഒരു ബാങ്കിനും ഉപയോഗമില്ലാതെ കിടന്ന കുറെ കടലാസ്സുകഷ്ണങ്ങൾ, ബാങ്കേഴ്സ് റെസീപ്റ്റുകൾ, മേത്തയുടെയും സഹപ്രവർത്തകരുടെയും കൈയ്യിൽ രാജ്യത്തിനും, ബാങ്കുകൾക്കും, ഇവർക്കും കൂടി ലാഭമുണ്ടാക്കികൊടുത്തതുപോലെ തികച്ചും നൂതനമായ ഒരാശയമാണല്ലോ റാവുവിന്റെ ചെവിയിൽ മന്ത്രിച്ചത്. ആ ആശയമാണ് ഇന്ന് ഇന്ത്യൻ സമ്പദ്ഘടനയെ ചലിപ്പിച്ചുകൊണ്ടിരിക്കുന്നത്. എന്നിട്ട് പേറ്റന്റ് അവകാശം നിഷേധിക്കുകമാത്രമല്ല കള്ളനായി മുദ്രകുത്തി ജയിലിലടക്കുകയും കൂടി ചെയ്താൽ എങ്ങിനെ സഹിക്കും?

# ഐക്യത്തിന്റെ പുതിയ വീഥികൾ തേടി

വർഷങ്ങളായി കേരളത്തിൽ നിലനിന്നുവരുന്ന ഇരട്ട മുന്നണി രാഷ്ട്രീയ ചേരിതിരിവിനെ ചോദ്യം ചെയ്യുന്ന പുത്തൻ പ്രവണതകൾ ഈയിടെയായി ശക്തിപ്രാപിക്കുന്നുണ്ട്. മണ്ഡൽ റിപ്പോർട്ടുവിവാദം ഇതിന് ആക്കം കൂട്ടിയെങ്കിലും, വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ സമഗ്രപ്രാതിനിധ്യ അവകാശവാദത്തെ പുറന്തള്ളിക്കൊണ്ടോ അവയ്ക്കുള്ളിൽ വിള്ളലുകൾ സൃഷ്ടിച്ചുകൊണ്ടോ സവർണ്ണ-അവർണ്ണ രാഷ്ട്രീയവിഭജനത്തിന്റെ പ്രവണതകൾ ചുരുങ്ങിയത് '80കൾ മുതല്ക്കെങ്കിലും പ്രത്യക്ഷപ്പെട്ടിരുന്നു. ഇരുമുന്നണികളും സമർത്ഥമായി ഉപയോഗിക്കുകയും എന്നാൽ എന്നും മൂടിവയ്ക്കുകയും ചെയ്ത ജാതി, പാർലിമെന്ററി രാഷ്ട്രീയത്തിൽ മറയില്ലാത്ത സ്ഥാനം കൈവശപ്പെടുത്താൻ ശ്രമിക്കുന്നതിനിടയിലാണ് മണ്ഡൽ വിവാദം അടഞ്ഞുകിടന്ന വാതിലുകൾ ഊക്കോടെ തള്ളിതുറന്നത്. ഇന്ത്യൻ പാർലിമെന്ററി രാഷ്ട്രീയം മികവോടെ നിലനിന്നുപോന്ന 'പ്രബുദ്ധകേരളവും' അതിന്റെ തന്നെ വികലവും ജനാധിപത്യവിരുദ്ധവുമായ അടിത്തറ അംഗീകരിക്കാൻ നിർബന്ധിതമായി. ആ രാഷ്ട്രീയത്തിന്റെ കപട മതേതര മൂല്യങ്ങൾ സ്വയം പുറന്തള്ളാൻ നിർബന്ധിതമായ ഭരണവർഗ സൃഷ്ടിയായ സവർണ്ണഫാസിസത്തിന്റെ കടന്നാക്രമണങ്ങൾ 1950 ൽ സ്ഥാപിതമായ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ മുഖംമൂടി എല്ലാ അർത്ഥത്തിലും പിച്ചിചീന്തിയതോടെ പഴയ മുന്നണികളിലൂടെ സുരക്ഷിതത്വംകണ്ടെത്താമെന്ന മുസ്ലീംലീഗ് അവകാശവാദം തകരുകയും ദളിത്-പിന്നോക്ക-മതന്യൂനപക്ഷ ഐക്യരാഷ്ട്രീയവും ദ്രുവീകരണവും പാർലിമെന്ററി തലത്തിൽ തന്നെ അംഗീകൃതഘടകമായിതീരുകയുംചെയ്തു. ഒപ്പം, 47 ന് മുമ്പ് സജീവമായിരുന്നതും പിന്നീട് പുറന്തള്ളപ്പെടുകയും ചെയ്ത ജനാധിപത്യസംവാദം പുതിയ മാനം നേടുകയുമായി.

മുസ്ലീം മതന്യൂനപക്ഷത്തെ നിരന്തരംവേട്ടയാടി, രാമനിലൂടെ സവർണ്ണ മൂല്യങ്ങൾ മറയില്ലാതെ പ്രതിഷ്ടിക്കാൻ ശ്രമിക്കുന്ന സവർണ്ണ ഫാസിസ്റ്റു സംഘങ്ങളെയാണ് ഈ ഐക്യരാഷ്ട്രീയം ഏററവുമധികം അലട്ടുന്നത്. ഹിന്ദുത്വം ബ്രാഹ്മണ്യമൂല്യങ്ങളിലൂടെ നിലനിർത്തിപോന്ന ജാതിവിഭജനവും മർദ്ദനവും മറച്ചുവച്ച്, ഈ പുതിയ ഐക്യസങ്കല്പമാണ് സമൂഹത്തെ ഭിന്നിപ്പിക്കുന്നത് എന്നവർ ആക്രോശിക്കുന്നു പുതിയ ഐക്യത്തെ തകർക്കാൻ ഡോ: അംബേദ്ക്കറുടെ ഇസ്ലാം വിമർശനം അവർ ഉദ്ധരിക്കുന്നുണ്ട്. അതിൽ തൃപ്തരാകതെ ജാതിയുടെ ബ്രഹ്മണ്യ വേരുകൾ നിഷേധിച്ച് അതും 'വിദേശ ആക്രമണകാരിയായ മുസ്ലൽമാന്റെ' തലയിൽ കെട്ടിവയ്ക്കാനും അവർ മടിക്കുന്നില്ല. സവർണ്ണ ഫാസിസ്റ്റ് സംഘതലവരിൽ ഒരാളായ ഠേംഗഡിയുടെ അഭിപ്രായമനുസരിച്ച് 1150 വർഷം മുമ്പുനടന്ന ആദ്യത്തെ 'വിദേശി' ആക്രമണം സൃഷ്ടിച്ച 'യുദ്ധ കാല' പരിതസ്ഥിതിയാണ് ജാതി, അയിത്തം, ഉച്ചനീചത്വം മുതലായ തിന്മകളെ വ്യാപിപ്പിച്ചത്! (കേസരി, 16.5 93).[അതേലക്കത്തിൽ, മനുസ്മൃതിയുടെ "എക്കാലത്തെയും പ്രസക്തിയെ" ഉൾകൊള്ളാത്തതിൽ ഖേദിക്കുന്ന ഒരു സഹപ്രവർത്തകന്റെ ലേഖനവുമുണ്ട്.] ബ്രാഹ്മണ്യത്തിന്റെ ആധുനിക ആവശ്യങ്ങൾക്കനുസൃതമായി ജാതിഘടന പരിഷ്കരിക്കാൻ കഴിയാതെ പോയതാണ് പ്രശ്നം. അതേ സമയം ഗാന്ധിയും കോൺഗ്രസ്സും നടപ്പാക്കിയതും ഇന്ത്യൻ റിപ്പബ്ലിക്കിന്റെ മൂലഘടകങ്ങളിൽ അംഗീകരിക്കപ്പെട്ടതുമായ പരിഷ്കാരം സവർണ്ണമേധാവിത്വത്തിന്റെ ഇരകളോട് വേണ്ടതിലധികം വിട്ടുവീഴ്ചകൾ ചെയ്തു എന്നിവർക്ക് പരാതിയുണ്ട്. വാസ്തവത്തിൽ, ഇവർ മാത്രമല്ല, ഭരണവർഗ വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്നതും അതിനെ സേവിക്കുന്നതുമായ എല്ലാ പാർലിമെന്ററി രാഷ്ട്രീയ പാർടികളുടെയും മുമ്പിലുള്ള ഒരു പ്രധാന തർക്കവിഷയം ഈ വിട്ടുവീഴ്ചകളുടെ പരിധി പുനർനിർണയിക്കുന്നതു തന്നെയാണ്. ദളിത് - പിന്നോക്ക - മതന്യൂനപക്ഷ ഐക്യരാഷ്ട്രീയം ഇതിൽ എന്തു സ്ഥാനം വഹിക്കുന്നു എന്ന് പരിശോധിക്കാം.

വ്യക്തിയുടെ നിഷേധമായ ജാതി നിലനിർത്തികൊണ്ടുതന്നെ, വ്യക്തികളായ പൌരന്മാരെ മാത്രമെ ജനാധിപത്യവ്യവസ്ഥയിലെ രാഷ്ട്രീയം സാമൂഹ്യ, സാമ്പത്തിക അംഗങ്ങളായി പരിഗണിക്കാൻ കഴിയൂ എന്ന സവർണ്ണചേരിയുടെ വികലശാഠ്യത്തെ ഖണ്ഡിച്ചുകൊണ്ടാണ് ജാതിസംവരണം ഈ ഉപഭൂഖണ്ഡത്തിൽ സ്ഥാനം ഉറപ്പിച്ചത്. എന്നാൽ, സവർണ്ണ-ദല്ലാൾ സൃഷ്ടിയായ ഇന്ത്യൻ ഭരണഘടന വാഗ്ദാനം ചെയ്യുന്ന സംവരണവും മർദ്ദിത ജാതികളുടെ സമരപാരമ്പര്യത്തിൽ നിന്നുയർന്നുവന്ന ഡോ: അംബേദ്ക്കർ, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ, എന്നിവരെപോലുള്ള നേതൃത്വങ്ങൾ ഉയർത്തിയ 'ജാതിസംവരണത്തിലൂടെ അവസരസമത്വം' എന്ന ആശയവും തമ്മിൽ നിഴലും രൂപവും പോലുള്ള ബന്ധമേയുള്ളു. ഈ വസ്തുത അംഗീകരിക്കാൻ മണ്ഡൽ റിപ്പോർട്ടിന്റെ രചയിതാവിന് ഒരു മടിയുമുണ്ടായിരുന്നില്ല. കുറെ ആയിരം പിന്നോക്കക്കാർക്ക് സംവരണത്തിലൂടെ ജോലികിട്ടിയതുകൊണ്ട് ഇന്ത്യൻ ജനസംഖ്യയിൽ 52%വരുന്ന അവരെ മുന്നോക്കക്കാരാക്കാൻ കഴിയുമെന്നവ്യാമോഹമില്ലെന്നും എന്നാൽ സർക്കാർസർവ്വീസുകളിൽ പിന്നോക്ക പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതു വഴി ഈ രാജ്യത്തിന്റെ ഭരണനിർവ്വഹണത്തിൽ തങ്ങൾകൂടി പങ്കാളികളാകുന്നു എന്ന ബോധം അവരിൽ ഉടനടി സൃഷ്ടിക്കാൻ കഴിയുമെന്നതാണ് സംവരണത്തിന്റെ നേട്ടമെന്നും മണ്ഡൽ ചൂണ്ടിക്കാട്ടി. ഇതിന്റെ മനശാസ്ത്രഫലങ്ങളിലാണ്, ഒപ്പം സവർണ്ണ കുത്തകയിൽ സൃഷ്ടിക്കുന്ന വിള്ളലുകളിലും, അദ്ദേഹം ഊന്നിയത്. മനശാസ്ത്രപരമായ അനന്തരഫലത്തെ വേർതിരിച്ചു കാണണം. സവർണ്ണർക്കു മാത്രമെ മേന്മയും ഭരണനൈപുണ്യവുമുള്ളു എന്ന അടിച്ചേല്പിക്കപ്പെട്ട അധമബോധത്തിനേല്കുന്ന മുറിവാണ് ഇതിലെ ഗുണാത്മകവശം. സവർണ്ണ ദല്ലാൾ അധികാരം തടസ്സം കൂടാതെ

തുടരുമ്പോൾ പോലും അധികാരത്തിൽ തങ്ങൾക്കുകൂടി പങ്കുണ്ടെന്ന മിഥ്യാബോധം ഭരണവർഗത്തിന് സഹായകമാകുന്നതാണ് മറുവശം. ഇന്ത്യൻ ഭരണവർഗ പ്രതിസന്ധിക്കുള്ള പരിഹാര തന്ത്രമായി ഇതുയർത്തിയെടുത്തത് വി. പി. സിംഗ് ആണ്. കേന്ദ്രീകൃത സവർണ്ണ-ദല്ലാൾ ഭരണകൂടത്തിനെതിരെ ഉയർന്നുവന്ന വിവിധ പ്രക്ഷോഭങ്ങളുടെ മൂലകാരണം, പോരാടുന്ന സാമൂഹ്യ, ദേശീയ വിഭാഗങ്ങൾക്ക് അധികാരത്തിൽ പങ്കാളിത്തബോധമില്ലാത്തതിലാണ് വി.പി. സിംഗ് കണ്ടെത്തുന്നത്. സംവരണം വഴി ഇതു സൃഷ്ടിച്ചാൽ ഇന്ത്യൻ ഭരണകൂടത്തിന്റെ രാഷ്ട്രീയ, സാമൂഹ്യ അടിത്തറ കുറെകൂടി വിസ്തൃതമാക്കാം. സവർണ്ണ-ദല്ലാൾ ചൂഷണ ബന്ധങ്ങളിൽ നിന്നോ, അതു നിലനിർത്തുന്ന സാമ്രാജ്യത്വ ആധിപത്യത്തിൽനിന്നോവുള്ള വേർപെടലല്ല ഇതാവശ്യപ്പെടുന്നത്. പ്രതിസന്ധിയുടെ ഓരോ ഘട്ടത്തിലും നൂററാണ്ടുകളായി ബ്രാഹ്മണ്യമേധാവിത്വം സ്വീകരിച്ചുപോന്ന സ്വാംശീകരണ തന്ത്രം മണ്ഡലിന്റെ, സംവരണത്തിന്റെ, മറയിൽ പ്രാവർത്തികമാക്കാനാണ് ശ്രമം. ഭരണഘടനയുടെ അനുവദിക്കപ്പെട്ട സംവരണ-മത അവകാശ സംരക്ഷണ സമീപന വൃത്തത്തിനുള്ളിൽ ചലിക്കുന്ന ദളിത്-പിന്നോക്ക-മതന്യൂനപക്ഷ ഐക്യരാഷ്ട്രീയം സവർണ്ണ-ദല്ലാൾ ഭരണവർഗത്തിന്, സ്വീകാര്യമല്ലെങ്കിലും, അനുവദനീയമായിതിരുന്നു.

കാരണം ജാതികളായി നിലനില്ക്കാനും സവർണ്ണ-ദല്ലാൾ ഭരണവർഗത്തിന് ഇരകളായി തുടരാനും നിർബന്ധിതരായതുകൊണ്ട് ജാതീയസമുദായങ്ങളെന്ന നിലക്ക് ഐക്യപ്പെടുന്നതല്ല, മറിച്ച് ജാതിസമുദായങ്ങളെന്ന നിലയിൽ തന്നെ തുടർന്ന് (വിവിധ മത ന്യൂനപക്ഷങ്ങളും ഇതിൽപ്പെടുന്നു) ദേശീയ 'അപ്പ'ത്തിന്റെ ഒരു വിഹിതം നേടിയെടുക്കാൻ മാത്രമാണ് അത് ശ്രമിക്കുന്നത്. അപ്പം ആരുടെ ചെലവിൽ ആരു ചുട്ടു എന്ന ചോദ്യം ഇവിടെ അപ്രസക്തമാകുന്നു. തീർച്ചയായും, ഈ പരിഷ്ക്കരണ രാഷ്ട്രീയത്തിനുപോലും ഇന്നത്തെ സാഹചര്യത്തിൽ സംഘർഷങ്ങൾ സൃഷ്ടിക്കാൻ കഴിയുന്നുണ്ട്. ഗാന്ധിയൻ ബ്രാഹ്മണ്യ പരിഷ്കാരത്തിന്റെ സീമകൾ മറച്ചുവക്കാനാവാത്ത വിധത്തിൽ പ്രകടമാവുകയും കീഴെ നിന്ന് വിവിധ പോരാട്ടങ്ങൾ ഉയർന്നുവരുകയും സാമ്പത്തിക, സാമൂഹിക അസമത്വങ്ങളും പ്രതിസന്ധിയും തീവ്രമാവുകയും ചെയ്യുന്ന സന്ദർഭത്തിൽ സവർണ്ണ-ദല്ലാൾ താല്പര്യങ്ങളെ കുറെകൂടി കർക്കശമായി നിർവ്വചിച്ചു സ്ഥാപിക്കാൻ ഭരണവർഗം നിർബന്ധിതമാണ്. നിർബന്ധത്തിന് പരിധികൾ കല്പിക്കാൻ ശ്രമിക്കുന്ന പരിഷ്ക്കരണ ഉദ്യമങ്ങളെ നിലക്കുനിർത്തി പഴയ സംവരണ സന്ധി (പൂനാകരാർ) തങ്ങൾക്കനുകൂലമായി പൊളിച്ചെഴുതാൻ ഭരണവർഗം ശ്രമിക്കുമ്പോൾ, സന്ധിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ലഭിക്കേണ്ട വിഹിതത്തിന് ആവശ്യപ്പെടുന്നതു പോലും സംഘർഷവിഷയമായി തീരുന്നു. എന്നാൽ ഭരണവർഗം സ്വന്തം സൃഷ്ടിയായ ഭരണഘടനയെ ലംഘിക്കുമ്പോൾ ന്യായമായ ഈ ആവശ്യം രണ്ടു നിലപാടുകളിൽ നിന്ന് ഉന്നയിക്കാവുന്നതാണ്. പഴയസന്ധിയിൽ നിന്ന് ഭരണവർഗം പിൻമാറുന്നതിന്റെ കാരണങ്ങളും അവർ ആസൂത്രണം ചെയ്യുന്ന കടന്നാക്രമണവും തുറന്നുകാട്ടാനും, അധികാരത്തിൽ പങ്കുണ്ടെന്ന പ്രതീതിക്കുപകരം സവർണ്ണ-ദല്ലാൾ ബന്ധങ്ങളെ തകർക്കുന്ന പുതിയ അധികാരസൃഷ്ടിക്കുള്ള കടന്നാക്രമണത്തിന് ഒരുങ്ങാനും സംവരണസമരത്തെ ഉപാധിയാക്കിമാററുന്നതാണ് ഇതിലൊരു നിലപാട്. മർദ്ദിതജാതികളെയും മതന്യൂനപക്ഷങ്ങളെയും നിരന്തരം പുറന്തള്ളുന്ന സവർണ്ണ-ദല്ലാൾ അധികാരത്തിൽ അസാധ്യമായ പങ്കാളിത്തത്തിന്, ഫലത്തിൽ അധികാരത്തിൽ പങ്കുണ്ടെന്ന മിഥ്യാബോധത്തെ ഉറപ്പിക്കാൻ ശ്രമിക്കുന്ന രണ്ടാമത്തെ നിലപാട്, ശത്രുവിന് അനുകൂലമായ ഇടങ്ങളിൽ സ്വയം ഒതുങ്ങി മുൻകൂട്ടി നിശ്ചയിച്ച കീഴടങ്ങലിന്റെ ദിശയിലേക്ക് നയിക്കുന്നു. അതുവഴി ഈ പരിഷ്കരണവാദ ഉദ്യമങ്ങൾ മുൻകാലങ്ങളിൽ നടന്ന ജാതിനശീകരണത്തിൽ അധിഷ്ഠിതമായ ഐക്യശ്രമങ്ങളും സംവരണപോരാട്ടങ്ങളുമായുള്ള തുടർച്ച സ്വയം വേർപ്പെടുത്തുകയും ചെയ്യുന്നു. സന്ധിയില്ലാത്ത, സമ്പൂർണ്ണവിജയത്തെ ലക്ഷ്യം വച്ച് ആരംഭിച്ച ആ പോരാട്ടങ്ങളുടെ നേതൃത്വങ്ങൾ ഒരു നിർദ്ദിഷ്ഠ ഘട്ടത്തിൽ സന്ധിചെയ്യാൻ നിർബന്ധിതരായിയെങ്കിൽ, അന്നത്തെ ഭാഗികനേട്ടത്തെ മഹത്വവൽക്കരിച്ച് അതിന്റെ പരിരക്ഷണത്തിൽ മാത്രം മുഴുകുന്നതല്ല ഇന്ന് പിൻതുടർച്ച അവകാശപ്പെടുന്നവരുടെ കടമ.

സവർണ്ണ-ദല്ലാൾ അധികാരത്തിൽ പങ്കാളിത്തം എന്ന നിഴലുകൊണ്ട് തൃപ്തിപ്പെടുന്നവരും ഐക്യശ്രമം സ്വാഭാവികമായും വാക്കുകളിൽ ഒതുങ്ങുന്നു. ജാതിവ്യവസ്ഥയുടെ കർക്കശമായ നിബന്ധനകൾക്കനുസൃതമായി വിഘ്നം തുടരുകയും ചെയ്യുന്നു. അങ്ങിനെ ഈഴവർക്ക് പ്രാമുഖ്യമുള്ള സംവരണ സമുദായ മുന്നണി ആ കാരണം കൊണ്ടുതന്നെ മുസ്ലീംങ്ങൾക്ക് പ്രാമുഖ്യമുള്ള പി.ഡി.പി.യെയും ദളിതുകൾക്ക് പ്രാമുഖ്യമുള്ള ബി.എസ്.പി.യെയും പ്രസക്തമാക്കി തീർക്കുന്നു. സർവ്വസമുദായ പാർട്ടികൾക്കുപകരം ദളിതുകളുടെ സാമുദായിക ഏകീകരണത്തിലൂടെ സൃഷ്ടിക്കപ്പെടുന്ന ഒരു രാഷ്ട്രീയപാർടിയും ഇത് വികസിപ്പിക്കുന്ന ദളിത്-പിന്നോക്ക-മതന്യൂനപക്ഷ ഐക്യവും ലക്ഷ്യം വച്ച് ഒററപ്പാലം തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന ദളിത് ഏകോപനസമിതിയും ഈ വിഷമവൃത്തത്തിന് പുറത്തല്ല. ഐക്യത്തിന്റെ ആരംഭം ദളിതുകളായിരിക്കണം എന്നു ധരിച്ചതുകൊണ്ട് ഒരു വ്യത്യാസവുമുണ്ടാകുന്നില്ല. ഐക്യം എന്തിന്, എങ്ങിനെ എന്ന പ്രശ്നങ്ങൾക്കുള്ള മറുപടിയാണ് നിർണ്ണായകം. ദളിതുകളുടെ ജാതിവിരുദ്ധ പോരാട്ടങ്ങൾക്ക് ഏകീകരണം ശക്തിയായി മാറാൻ കഴിയണമെങ്കിൽ ഇവിടെ നിന്ന് വേണം ആരംഭം കുറിക്കാൻ. അധികാരത്തിൽ പങ്കു നല്കണം എന്ന പ്രതീതി മാത്രം സൃഷ്ടിക്കുന്ന സംവരണ മണ്ഡലങ്ങൾ സവർണ്ണ താല്പര്യങ്ങളെ സേവിക്കുന്ന രാഷ്ട്രീയപാർടിയിൽ കൈയ്യടിക്കുന്നതിനുള്ള പ്രതിവിധി, ആ പാർടികൾ നിർവ്വഹിച്ചുപോരുന്ന കടമ ഇനി ഒരു ദളിത് പാർടിതന്നെ ഏറെറടുക്കുന്നതല്ല. ഈ പരിമിതമായ ലക്ഷ്യത്തിൽ ഒതുങ്ങിനിന്ന് നടപ്പാക്കാൻ ശ്രമിക്കുന്ന, സാമുദായിക ഏകീകരണം, ഭരണവർഗ വിഭാഗങ്ങൾക്കിടയിൽ നടക്കുന്ന തർക്കത്തിൽ കക്ഷിചേർന്ന് വിലപേശാനുള്ള ഒരു ഉപാധി മാത്രമായിതീരുന്നു.

# വിവേകാനന്ദൻ: ആധുനിക സവർണ്ണാധിപത്യ ശില്പി

എം. ഗീതാനന്ദൻ

### ജാതിനശീകരണത്തിന് ഒരു വേദാന്തപരിപാടി :

കീഴ്ജാതികൾ സ്വയം ആര്യത്വത്തിലേക്കും ബ്രാഹ്മണ്യത്തിലേക്കും ഉയരാൻ വിവേകാനന്ദന്റെ പരിഹാരനിർദ്ദേശം വളരെ ലളിതമാണ്. ''ഏതെങ്കിലും ഒരു ജാതിക്കാർ സ്വയം ബ്രാഹ്മണരാണെന്ന് പ്രഖ്യാപിക്കാൻ എന്താണ് ഇത്രപ്രതിബന്ധം?'' (ഭാരതത്തിന്റെ ഭാവി. P. 189. vol: III വി.സ:സ) ശൂദ്രരെ ആര്യത്വത്തിലേക്കുയർത്തുകയും, ബ്രഹ്മണ - ക്ഷത്രിയ സാന്ധിയിലൂടെ ബ്രാഹ്മണ്യത്തെ കൊളോണിയൽ പ്രതിസന്ധിയിൽ നിന്ന് രക്ഷിക്കാനും തീവ്രമായി ശ്രമിക്കുമ്പോൾതന്നെ, ബ്രാഹ്മണനും മററുജാതികളും തമ്മിലുള്ള വേർതിരിവും വ്യക്തമാക്കാൻ വിട്ടുപോകുന്നില്ല. ''മതേതരമായ തൊഴിലില്ലാത്തവനേ ബ്രാഹ്മണനാകൂ. മതേതരമായ തൊഴിൽ ബ്രാഹ്മണനുള്ളതല്ല; മററ് ജാതിക്കാർക്കുള്ളതാണ്. ഞാൻ ബ്രാഹ്മണനോടഭ്യർത്ഥിക്കുന്നു: അവർ സ്വയം അറിയുന്നത് പഠിപ്പിച്ചും നൂററാണ്ടുകളിലായി ഉരുക്കൂട്ടിയ സംസ്കാരം പകർന്നുകൊടുത്തും, ഭാരതീയരെ ഉയർത്താൻ കഠിനമായി യത്നിക്കണം ...ത്യാഗമെന്ന ആശയത്തിൽ മററുള്ളവർക്ക് എത്തിച്ചേരാൻ കഴിയുന്നതിനു മുൻപ് ബ്രാഹ്മണനാണ്, ജീവിതത്തിന്റെ കൂടുതൽ മെച്ചപ്പെട്ട സാക്ഷാത്കാരത്തിന് വേണ്ടി ഒന്നാമതായി എല്ലാം പരിത്യജിച്ചത്. മററ് ജാതിക്കാരെ പിന്നിലാക്കി സ്വയം മുന്നോട്ടവന്നത് ബ്രാഹ്മണന്റെ കുററമല്ല. അയാൾ ധരിച്ചത് പോലും ചെയ്തത്പോലും മററ് ജാതിക്കാർ എന്തുകൊണ്ട് ചെയ്തില്ല? എന്തുകൊണ്ടവർ ചടഞ്ഞിരുന്ന് ആലസ്യംപൂണ്ടു? ...'' (ഭാരതത്തിന്റെ ഭാവി -P 190 191 വി. സ. സ. Vol. III) നൂററാണ്ടുകളായി മണ്ണിലദ്ധ്വാനിക്കുന്ന മർദ്ദിതജാതികളോടുള്ള വിവേകാനന്ദന്റെ കുററാരോപണമിതാണ്. ബഹുദൂരിപക്ഷം ജനങ്ങളും ആലസ്യംപൂണ്ടെന്നും, ബ്രാഹ്മണൻ ത്യാഗപൂർണ്ണമായ ജീവിതം നയിക്കുകയായിരുന്നെന്നും ജാതിജഢിലമായ സാമൂഹിക തൊഴിൽവിഭജനം തുടരാനും, ബ്രാഹ്മണ്യത്തെ അരക്കിട്ടുറപ്പിക്കാനുമുള്ള ഈ ന്യായവാദം കൊളോണിയൽ ഘട്ടത്തിനിണങ്ങും വിധം തീവ്രമായി അവതരിപ്പിക്കാൻ വിവേകാനന്ദനെപോലെ മററാർക്കും കഴിഞ്ഞിട്ടില്ലെന്നത് തികച്ചും ശരിയാണ്.

ബ്രാഹ്മണ്യത്തിലേക്കുയരാനുള്ള തീവ്രമായ അഭിവാഞ്ഛയുടെ അടിയൊഴുക്ക് വിവേകാനന്ദനിലുടനീളം പ്രകടമായ രക്തശുദ്ധി സിദ്ധാന്തത്തിന്റെയും, വംശമഹിമയുടേയും പിൻബലത്തോടെയാണെന്ന് കാണാം. രക്തശുദ്ധിയിലുള്ള അദമ്യമായ ഈ വിശ്വാസം, കൊളോണിയൽ അതിജീവിതത്തിനുവേണ്ടിയുള്ള സവർണ്ണ മേധാവിത്വശക്തികളുടെ സ്വാഭാവിക മുറവിളിയാണെന്നും ചരിത്രം തെളിയിക്കുന്നുണ്ട്. രക്തശുദ്ധിയെക്കുറിച്ചും, സ്വജാതിമഹിമയെക്കുറിച്ചു മറയില്ലാതെ ഒരിടത്ത് വിവേകാനന്ദൻ വ്യക്തമാക്കുന്നുണ്ട് ....... ''സാമൂഹ്യപരിഷ്കർത്താക്കളുടെ ഒരു പ്രസിദ്ധീകരണത്തിൽ എന്നെ ശൂദ്രനെന്ന് വിളിക്കുന്നതായി ഞാൻ വായിച്ചു നിങ്ങളുടെ പുരാണകഥകളിലും പൗരാണികഗ്രന്ഥങ്ങളിലും നിങ്ങൾ വിശ്വസിക്കുന്നെങ്കിൽ, സാമൂഹ്യപരിഷ്കർത്താക്കളെന്നപേരും ചുമന്നു നടക്കുന്നവർ ധരിക്കട്ടെ, എന്റെ ജാതിക്കാർ, കഴിഞ്ഞകാലങ്ങളിലെ മററ് സേവനങ്ങൾക്ക് പുറമെ, ശതങ്ങളായി ഭാരതത്തിന്റെ പകുതി ഭരിച്ചുവരികയും ചെയ്തുവെന്ന്, എന്റെ ജാതിയെ എണ്ണാതെ തള്ളിയാൽ ഇന്നത്തെ ഭാരതത്തിലുള്ള പരിഷ്കാരത്തിന്റെ എത്രയല്പമാവും അവശേഷിക്കുക? ബംഗാളിൽ മാത്രം നോക്കിയാൽ എന്റെ രക്തത്തിൽ നിന്നാണ് അവിടത്തെ മികവുററ ദാർശനികനും, മികവുററ കവിയും, മികവുററ ഐതിഹാസികനും, മികവുററ പുരാതത്വവിരുതും മികവുററ മതപ്രചാരകനും ഉണ്ടായത്. എന്റെ രക്തത്തിൽ നിന്നാണ് ഭാരതത്തിലെ ഇന്നത്തെ ഏററവും മികച്ച ശാസ്ത്രജ്ഞൾ ഉണ്ടായിട്ടുള്ളത്... നമ്മുടെ മൂന്ന് ജാതികളെക്കുറിച്ച് അവർ പഠിക്കേണ്ടിയിരിക്കുന്നു. ബ്രാഹ്മണനും, ക്ഷത്രിയനും, വൈശ്യരും സന്യാസത്തിന് തുല്യമായ അർഹതയുണ്ടന്ന് അവർ അറിയേണ്ടിയിരിക്കുന്നു ....'' (എന്റെ സമരപരിപാടി - P 103, വി. സ. സ. Vol. III) ബ്രാഹ്മണാധിപത്യത്തെ അധിക്ഷേപിക്കുകയു.,ബ്രാഹ്മണ്യത്തെ മഹത്വവല്കരിക്കുകയും, ക്ഷത്രിയത്വത്തെ ഉത്തേജിപ്പിക്കുകയും, ശൂദ്രത്വത്തെ ന്യായീകരിക്കുകയും ചെയ്യുന്ന രക്തവിശുദ്ധനായ ''ദേശാഭിമാനി''ക്ക് നേരിടേണ്ടിവരുന്ന എല്ലാ ആന്തരിക വൈരുദ്ധ്യവും ഇവിടെ അനാവരണം ചെയ്യപ്പെടുന്നുണ്ട്. പക്ഷെ ഈ ആന്തരിക വൈരുദ്ധ്യം മൂടിവെക്കാനുള്ള ഒരേയൊരുപാധി രക്തശുദ്ധിയും, വംശമഹിമയും തന്നെ. വിവേകാനന്ദന്റെ വംശമഹത്വ പ്രഖ്യാപനങ്ങൾക്കാകട്ടെ നാസിഗന്ധമില്ലെന്ന് ആർക്കാണ് സ്ഥാപിക്കാൻ കഴിയുക?

# സമ്പത്തും സംവരണവും

മണ്ഡൽ കമ്മീഷൻ ശുപാർശകളെ കുറിച്ചുള്ള സുപ്രീം കോടതി വിധിയുടെ നിർദ്ദേശാനുസരണം പിന്നോക്ക ജാതികളിലെ 'മുന്നോക്ക'ക്കാരെ കണ്ടെത്തി ഒഴിവാക്കാനുള്ള നീക്കങ്ങൾ ധൃതഗതിയിൽ മുന്നേറുകയാണ്. കേന്ദ്രസർക്കാർ നിയമിച്ച കമ്മിറ്റിയുടെ നിർദ്ദേശങ്ങളെ പല പ്രമുഖ കോൺഗ്രസ്സ്(ഐ) എം. പിമാർതന്നെ എതിർത്തിട്ടുണ്ടെങ്കിലും ജാതിസംവരണം അട്ടിമറിച്ച് സാമ്പത്തിക സംവരണം നടപ്പാക്കാൻ തന്നെയാണ് നരസിംഹറാവു ശ്രമിക്കുന്നത്. പതിവുപോലെ എല്ലാ സംവരണ വിരോധിപാർട്ടികളും, ബി. ജെ. പി മുതൽ സി.പി.എം വരെ, ഈ നീക്കത്തിന് പിന്തുണ നല്കുന്നുണ്ട്.

സംവരണത്തിന്റെ മാനദണ്ഡം ജാതി മാത്രമേ ആകാവൂ എന്ന് ഭരണഘടനയെ ഉദ്ധരിച്ച് വിധി കല്പിച്ച സുപ്രീം കോടതി ആ ഭരണഘടനാവിലക്കു മറികടക്കാൻ കണ്ടെത്തിയ ഉപാധിയാണ് പിന്നോക്കക്കാരിലെ 'മുന്നോക്ക'ക്കാരെ ഒഴിവാക്കണമെന്ന നിർദ്ദേശം. ബ്രാഹ്മണ്യാധിപത്യം ഉറപ്പിച്ചു നിർത്തുന്ന ജാതിഘടന മർദ്ദിതജാതികളിലെ എല്ലാവർക്കും-സമ്പന്നർക്കും ദരിദ്രർക്കും-അവസരസമത്വം നിഷേധിക്കുന്നു എന്ന വസ്തുതയാണ് അതിലൂടെ നിഷേധിക്കപ്പെടുന്നത്. നൂറ്റാണ്ടുകളായി നിലനിന്നുവരുന്ന ഈ അവസര സമത്വനിഷേധം ഒരു പരിധിവരെയെങ്കിലും മറികടക്കാനാണ് മർദ്ദിത ജാതികൾ ജാതിസംവരണ അവകാശത്തിനുവേണ്ടി പോരാടിയത്. അതിലൂടെ സാമ്പത്തികസമത്വം കൈവരിക്കാമെന്ന വ്യാമോഹം അവർ ഒരിക്കലും വച്ചുപുലർത്തിയിട്ടില്ല. ഭരണഘടനാ നിർമ്മാണ സഭയിലെ ഡോ: അംബേദ്കറുടെ പ്രസംഗങ്ങളോ അവർണ്ണധാരയിലെ മറ്റു പ്രമുഖ നേതാക്കൻമാരുടെ ലേഖനങ്ങളോ പരിശോധിച്ചാൽ ഇതു വ്യക്തമായി മനസ്സിലാക്കാൻ കഴിയും. മണ്ഡൽ റിപ്പോർട്ടിന്റെ രചയിതാവ് ഈ പ്രശ്നം ഊന്നിപ്പറയുന്നുണ്ട്. പിന്നോക്കക്കാരിലെ സമ്പന്നർ സംവരണാനുകൂല്യങ്ങളിലെ നല്ലപങ്കും കൈവശപ്പെടുത്താമെന്ന സാദ്ധ്യത അംഗീകരിച്ചുകൊണ്ടുതന്നെയാണ് മണ്ഡൽ തന്റെ സംവരണ നിർദ്ദേശങ്ങൾ ഉന്നയിച്ചത്. നിലവിലുള്ള ചട്ടക്കൂട്ടിനുള്ളിൽ സ്വീകരിക്കുന്ന ഏതൊരു പരിഷ്ക്കരണത്തിന്റെ കാര്യത്തിലും ഇതു സംഭവിക്കുമെന്ന യഥാർത്ഥ്യബോധവും ഇതേസമയം ഭരണത്തിന്റെയും മറ്റും ഉന്നത തസ്തികകളിൽ നിലവിലുള്ള സവർണ്ണ കുത്തക കുറേയെങ്കിലും ദുർബ്ബലമാകാനുള്ള സാധ്യതയുമാണ് തന്നെ ഈ പ്രശ്നം അവഗണിക്കാൻ പ്രേരിപ്പിച്ചത് എന്ന് മണ്ഡൽ വ്യക്തമാക്കിയിരുന്നു. എന്നാൽ പിന്നോക്കക്കാരിലെ ദരിദ്രരുടെ പക്ഷം പിടിക്കുന്നതിന്റെ മറവിൽ സുപ്രീം കോടതിയും കോടതി നിർദ്ദേശിച്ചതുപോലെ പ്രവർത്തിച്ച കമ്മിറ്റിയും ഈ തിരിച്ചറിവിനെ നിഷേധിക്കാനാണ് പണിപ്പെട്ടത്. ജാതീയ അസമത്വത്തിന്റെ പ്രശ്നങ്ങൾ ഉന്നയിക്കുമ്പോൾ സാമ്പത്തിക അനുമാനതകൾ ചൂണ്ടിക്കാട്ടി രക്ഷപ്പെടുന്ന ഈ ആധുനിക ബ്രാഹ്മണ്യതന്ത്രം യഥാത്ർത്ഥത്തിൽ സേവിക്കുന്നത് സമ്പന്ന സവർണ്ണ വിഭാഗങ്ങളെയാണ്.

വിദ്യാഭ്യാസരംഗത്ത് സംവരണ സീറ്റുകൾ ഒഴിച്ചുള്ളവയിൽ ഒരു നിശ്ചിത ശതമാനം കാപ്പിറേഷൻ ഫീയും ഉയർന്ന ഫീസുംവാങ്ങി പണം മുടക്കാൻ സന്നദ്ധരാകുന്നവർക്ക് നല്കാമെന്ന സുപ്രീം കോടതിയുടെ തന്നെ മറ്റൊരുവിധിയിൽ ഈ സമ്പന്നസവർണ്ണ പക്ഷപാതം പ്രകടമാണ്. സവർണ്ണരിലെ സമ്പന്നരെ ബാധിക്കുന്ന ഒരു പ്രശ്നത്തിൽ സവർണ്ണരിൽ തന്നെയുള്ള ദരിദ്രരുടെ താല്പര്യങ്ങളെ കൈയ്യൊഴിക്കാൻ അത് ഒട്ടും മടിച്ചില്ല. വിദ്യാഭ്യാസരംഗം വൻ കച്ചവടമാക്കി മാറ്റുന്ന കാപ്പിറേഷൻ ഫീ സമ്പ്രദായത്തെ അവസാനിപ്പിക്കുന്നതിനു പകരം അതിനെ നിയന്ത്രിക്കുന്നതിന്റെ പേരിൽ സുപ്രീം കോടതി നല്കിയ ഈ നിർദ്ദേശങ്ങളുടെ മറപിടിച്ചാണ് കേരള സർക്കാർ ഇഞ്ചനിറിംഗ്, മെഡിക്കൽ വിദ്യാലയങ്ങളിലെ 30 ശതമാനം സീറ്റുകൾ മുഴുവൻ ഫീസും മുടക്കാൻ തയ്യാറുള്ളവർക്ക് നീക്കിവയ്ക്കാൻ ആലോചിക്കുന്നത്. സംവരണ സീറ്റുകൾ ഇതിൽ നിന്ന് ഒഴിവാക്കുന്നതുകൊണ്ട് ഫലത്തിൽ സമ്പന്നസവർണ്ണ വിദ്യാർത്ഥിക്കുവേണ്ടിയുള്ള സംവരണമായി ഇത് നിലനില്ക്കും! നിലവിലുള്ള സംവരണ രീതിയനുസരിച്ച് ഇത് ദരിദ്രസവർണ്ണ വിദ്യാർത്ഥികളുടെ അവസരനിഷേധത്തിനാണ് വഴിവെക്കുക. നിലവിലുള്ള രീതി എന്ന് എടുത്തുപറയാൻ കാരണമുണ്ട്. സംവരണതത്വമനുസരിച്ച് സംവർണ കോട്ട ഒഴികെയുള്ള സീറ്റുകൾ എല്ലാ ജാതിക്കാർക്കും മെരിറ്റ് അടിസ്ഥാനത്തിൽ നല്കണം. പക്ഷെ ഇന്ന് നടപ്പാക്കുന്ന രീതിയിൽ പിന്നോക്ക-ദളിത് ജാതികളെ സംവരണ ഒഴിവുകൾക്കുവേണ്ടി മാത്രമെ പരിഗണിക്കുന്നുള്ളു. പിന്നോക്കക്കാരിലെ സമ്പന്നർക്ക് ഇനി പണത്തിന്റെ പിൻബലത്തിൽ ഈ 30 ശതമാനം സീറ്റുകൾക്കുവേണ്ടി മത്സരിക്കാമെന്ന വാദഗതി നിരർത്ഥകമാണ്. എല്ലാ രംഗങ്ങളിലും ആധിപത്യം ചെലുത്തുന്ന സവർണ്ണകുത്തകയുടെ തടസ്സങ്ങൾ മറികടന്ന് ഈ അവസരം അനുഭവിക്കാൻ വിരലിലെണ്ണാവുന്നവരെ കാണു. മറിച്ച് കേന്ദ്രസർക്കാരിന്റെ കമ്മിറ്റി നിർദ്ദേശപ്രകാരം പിന്നോക്കക്കാരിലെ സമ്പന്നരായി പരിഗണിച്ച് ജാതി സംവരണാനുകൂല്യങ്ങളിൽ നിന്ന് പുറന്തള്ളപ്പെടുന്നവരിൽ വലിയൊരുവിഭാഗം ഇടത്തരക്കാർക്ക് എല്ലാ വാതിലുകളും കൊട്ടിയടക്കപ്പെടും. ഉന്നത തസ്തികകൾക്കുവേണ്ട വിദ്യാഭ്യാസ നിലവാരം കുറെയെങ്കിലും നേടാൻ ഇന്ന് പ്രാപ്തരായ ഇവർ പിന്തള്ളപ്പെടുന്നതോടെ വരുംകാലങ്ങളിൽ സർക്കാർ ഉദ്യോഗങ്ങളിലുള്ള പിന്നോക്ക പ്രാതിനിധ്യം കുത്തനെ ഇടിയുമെന്നതിൽ സംശയമില്ല.

---

"സവർണ്ണ ഫാസിസത്തിനെതിരെ ഒന്നിക്കുക"

കേരള കമ്മ്യൂണിസ്റ്റ് പാർട്ടി കേന്ദ്ര പ്രചരണ സമിതി പ്രസിദ്ധീകരിക്കുന്നു.

കോപ്പികൾക്ക് 'മുന്നണിപ്പട' യുമായി ബന്ധപ്പെടുക.

---

# ദളിത് കൊലപാതകങ്ങൾക്കെതിരെ....

ദളിതുകൾ പീഡിപ്പിക്കപ്പെടുന്നതിനെക്കുറിച്ചും കൊലചെയ്യപ്പെടുന്നതിനെകുറിച്ചുമുള്ള വാർത്തകൾ പതിവായി പത്രങ്ങളിൽ വരുമ്പോൾ അതെല്ലാം സംസ്ക്കാരശൂന്യമായ അന്യദേശീയതകളിലെ അവസ്ഥയാണെന്ന് പലരും ധരിക്കാറുണ്ട്. കൺമുമ്പിൽ നടക്കുന്നത് കാണാൻ എന്നും തടസ്സം നിന്ന സവർണ്ണ സഭ്യതയ്ക്ക് 'ആധുനിക ജനാധിപത്യ ബോധം' ബലം നല്കുന്നു. ഇന്ത്യയിൽ ദളിത് പീഡനങ്ങൾക്ക് കേരളം അഞ്ചാം സ്ഥാനത്താണെന്ന വസ്തുതയെ സംശയത്തോടെ വീക്ഷിക്കാനാണ് ഇവർ ഇഷ്ടപ്പെടുക. പക്ഷെ പഴയ ഇരകൾ ഈ സംശയങ്ങൾ അകററാൻ പ്രവർത്തന നിരതരായിരിക്കുന്നു. എറണാകുളം ജില്ലയിൽ നടന്ന ദളിത് കൊലപാതകങ്ങളെക്കുറിച്ച് സി.ബി.ഐ. അന്വേഷിക്കണമെന്നും, ദളിത് കൊലപാതകങ്ങളും പീഡനങ്ങളും രാജ്യദ്രോഹകുററമായി പ്രഖ്യാപിക്കണമെന്നും കൊല ചെയ്യപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 5 ലക്ഷം രൂപാവീതം നഷ്ടപരിഹാരം നല്കണമെന്നും ആവശ്യപ്പെട്ട് ഇൻഡ്യൻ ദളിത് ഫെഡറേഷൻ ജില്ലാ കമ്മിററിയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രക്ഷോഭവും എം.പി.ഡി.എ ചെയർമാനായിരിക്കെ കൊലചെയ്യപ്പെട്ട സി. ടി. സുകുമാരൻെറ മരണത്തെക്കുറിച്ച് സി.ബി.ഐ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് വിവിധ ആക്ഷൻ കൗൺസിലുകളുടെ നേതൃത്വത്തിൽ മുന്നേറുന്ന പ്രക്ഷോഭവും ഈ വിഷയത്തിൽ ഒരു പുതിയ അന്തരീക്ഷം സൃഷ്ടിച്ചിട്ടുണ്ട്. ഐ.ഡി.എഫ് ചൂണ്ടിക്കാട്ടിയ പത്ത് കൊലപാതകങ്ങളിൽ ബഹുഭൂരിപക്ഷം ഇരകളും കൂലിവേലക്കാരാണ്. നാലു സ്ത്രീകളും ഇതിൽപെടും. ദളിതുകളിൽ ഭൂരിപക്ഷവും വരുന്ന കൂലിവേലക്കാർ നേരിടുന്ന അരക്ഷിതാവസ്ഥയുടെ, പ്രത്യേകിച്ചും സ്ത്രീകളുടെ, സൂചനയാണിത്. എന്നാൽ ഒരു ദളിത്, സവർണ്ണ-ദല്ലാൾ ഭരണകൂടം അടിച്ചമർത്തുന്ന കൂലിവേലക്കാരനായാലും ശരി ആ ഭരണകൂടത്തെ എന്നും വിശ്വസ്തതയോടെ സേവിച്ചുവന്ന ഐ.എ.എസ്സ് ഉദ്യോഗസ്ഥനായാലും ശരി, സവർണ്ണ കൊലക്കത്തിക്ക് മുമ്പിൽ എന്നും ഇരയാകാമെന്ന് സി.ടി. സുകുമാരൻെറ മരണവും അതേകുറിച്ച് അന്വേഷിക്കാത്ത സർക്കാരിൻെറ നിസ്സംഗഭാവവും വ്യക്തമാക്കുന്നു. ദളിത്, ആദിവാസി വിഭാഗങ്ങൾക്കു നേരെ നടക്കുന്ന കടന്നാക്രമണങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക നിയമവും സ്പെഷൽ കോടതികൾ സ്ഥാപിക്കാനുള്ള വകുപ്പുമെല്ലാം ഉണ്ടായിട്ടും പ്രബുദ്ധ കേരളത്തിൻെറ അവസ്ഥ ഇതാണ്. പ്രബുദ്ധത വസ്തുതകൾ മറച്ചുവെക്കാനുള്ള ഉപാധിയാക്കി മാററുന്നതിൽ മാധ്യമങ്ങളും വ്യവസ്ഥാപിത രാഷ്ട്രീയ കക്ഷികളും മത്സരിച്ച് മുന്നേറുമ്പോൾ മറെറാന്നും പ്രതീക്ഷിക്കാനവില്ല.

## മാവോസേതുങ്ങിൻെറ ഭൂതം പുതിയലോകക്രമത്തെ വേട്ടയാടുന്നു.
## മെയ് 1, 1993-മാവോയുടെ പാരമ്പര്യം നാടെങ്ങും പ്രചരിപ്പിക്കുക !

1993 മഹാനായ വിപ്ലവനേതാവും ആചാര്യനുമായ മാവോസേതൂങ്ങിൻെറ ജന്മശതാബ്ദിയെക്കുറിക്കുന്നു. സാർവ്വദേശീയ തൊഴിലാളി വർഗത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ ഒരു ദശാസന്ധിയിലാണ് ഈ ജന്മശതാബ്ദി ആചരിക്കപ്പെടുന്നത്—ലോകം കീഴ്മേൽ മറിയുകയാണ്. സാമ്രാജ്യത്വത്തെ പിടിച്ചുകുലുക്കാൻ പോകുന്ന പുതിയ ഒരു പോരാട്ട തരംഗത്തിൻെറ സംഭാവ്യത പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരുക്കുന്നു. എന്നാൽ ഈ സമരം തികച്ചും വ്യത്യസ്തമായ ഫലത്തിലേക്ക്—യഥാർത്ഥ വിമോചനത്തിലേക്കും തൊഴിലാളിവർഗ വിപ്ലവത്തിലേക്കും—എത്തിച്ചേരുമോ എന്നത് നിർണ്ണായകമായ ഒരു ഘടകത്തെ ആശ്രയിച്ചിരിക്കുന്നു: പഴയ ('പുതിയ'തും) ക്രമത്തിൽ ആഞ്ഞടിക്കുന്ന ഈ സമരങ്ങൾക്കുമേൽ ലോകതൊഴിലാളിവർഗത്തിൻെറ മാർക്സിസ്റ്റ്—ലെനിനിസ്റ്റ് മാവോയിസ്റ്റ് പ്രത്യയശാസ്ത്രം ആധിപത്യം ചെലുത്തുമോ? ആരായിരിക്കും നയിക്കുക?

മർദ്ദിതരും വിപ്ലവകാരികളുമായ ബഹുജനങ്ങൾ തിരയുന്ന പ്രത്യയശാസ്ത്രമിതാണ്— വ്യവസ്ഥയ്ക്ക് പോറലേല്പിക്കുക മാത്രമല്ല അതിനെ കുഴിച്ചുമൂടുന്ന ഒന്ന്. തങ്ങളുടെ ന്യായയുക്തമായ പല സമരങ്ങളും പാളിപോയത് അവർ കണ്ടിട്ടുണ്ട്. ഒന്നുകിൽ ഒററികൊടുത്ത്. അതില്ലങ്കിൽ സാമ്രാജ്യത്വത്തിൽ നിന്നുള്ള പരിപൂർണ്ണമായ വേർപെടൽ ആവശ്യപ്പെടുന്നതുപോലെ വിവിധ പ്രതിബന്ധങ്ങൾ മറികടക്കാൻ കഴിയാത്തതുമൂലം. ചെറുത്തുനില്പിനോ, ധീരതക്കോ, ത്യാഗത്തിനോ കടുത്ത വർഗവിദ്വേഷത്തിനോ ഒരിക്കലും ഒരു കുറവുമുണ്ടായിട്ടില്ല. എന്നാൽ തൊഴിലാളി വർഗ പ്രത്യയശാസ്ത്രത്തിൻെറയും മാർക്സിസ്ററ് — ലെനിനിസ്ററ് — മാവോയിസ്ററ് പാർട്ടിയുടെയും നേതൃത്വമില്ലാതെ വിജയംവരിക്കാൻ ബഹുജനങ്ങൾക്ക് ഈ ഗുണാംശങ്ങളെ പൂർണ്ണമായി ഉപയോഗപ്പെടുത്താൻകഴിയില്ല.

നമ്മുടെ പ്രത്യയശാസ്ത്രത്തെ നശിപ്പിക്കാൻ ഭരണ-ചൂഷക വർഗങ്ങൾ വേവലാതിപ്പെടുന്നു. കഴിഞ്ഞ 150 വർഷത്തെ സാർവ്വദേശീയ തൊഴിലാളി വർഗത്തിൻെറ ചരിത്രവും പാഠങ്ങളും, പ്രത്യേകിച്ചും അത് നേടിയ അഭൂതപൂർവ്വമായ നേട്ടങ്ങളെ, വികൃതപ്പെടുത്താനും തുടച്ചുമാററാനും അവർ വൃത്തികെട്ട ശ്രമങ്ങൾ നടത്തിവരുന്നു. കൊലയായുധങ്ങൾ ഏന്തി, ജനങ്ങളെ മൃഗീയമായി, നിത്യേനെ, ലാഭത്തിനുവേണ്ടി തവിടുപൊടിയാക്കി തങ്ങൾ അജയ്യരാണ് എന്നവർ

ശേഷം 14-ാം പേജിൽ

# ഡോ: ബി.ആർ. അംബേദ്ക്കറുടെ ബ്രാഹ്മണ്യ വിരുദ്ധ, ജനാധിപത്യ പ്രബോധനങ്ങളെ പുത്തൻജനാധിപത്യ വിപ്ലവത്തിന്റെ കടമകളുമായി ഉദ്ഗ്രഥിക്കുക

**(മുൻ സി. ആർ. സി., സി. പി. ഐ. (എം-എൽ.) ഡോ: അംബേദ്ക്കറുടെ ജന്മശതാബ്ദിയിൽ പ്രസിദ്ധീകരിച്ച ഈ പ്രസ്താവനയുടെ ആദ്യഭാഗം 'മുന്നണിപ്പട' 2-ാം ലക്കത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. ബ്രാഹ്മണ്യവിരുദ്ധ സമരത്തിൽ ഡോ. അംബേദ്ക്കറുടെ മുഖ്യസംഭാവനകൾ വിലയിരുത്തിയ ആദ്യഭാഗത്തെ തുടർന്ന് ഗാന്ധി, നെഹ്റു അന്നത്തെ തിരുത്തൽവാദി കമ്മ്യൂണിസ്റ്റ് നേതൃത്വം എന്നിവരുമായി താരതമ്യം ചെയ്യുന്നതുവഴി ഡോ: അംബേദ്ക്കറുടെ ലോകവീക്ഷണത്തിന്റെയും പ്രയോഗത്തിന്റെയും നേട്ടകോട്ടങ്ങളെയാണ് ഇവിടെ പരിശോധിക്കുന്നത്—പ. സമിതി)**

**ഡോ:** അംബേദ്ക്കർ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആദർശങ്ങൾ പരിപോഷിപ്പിക്കുകയും ജാതിവ്യവസ്ഥക്കെതിരെയുള്ള തന്റെ സമരത്തിൽ വിട്ടുവീഴ്ചയില്ലാതെ പ്രയോഗിക്കുകയും ചെയ്തു. ഈ ആദർശങ്ങൾ ബൂർഷ്വാജനാധിപത്യത്തിന്റെ വിപ്ലവഘട്ടത്തിലെ, ഫ്രഞ്ചുവിപ്ലവത്തിന്റെ, ആദർശങ്ങളായിരുന്നു. ഇവയെ വാക്കുകളിൽ ഉയർത്തിപ്പിടിച്ച മററു പലരേയും (നെഹ്റു, ജയപ്രകാശ് നാരായണൻ മുതലായവർ)ഇന്ത്യയിൽ കണ്ടെത്താനാകും. എന്നാൽ അവ ഇന്ത്യയിൽ യാഥാർത്ഥ്യമാക്കണമെന്ന നിർബന്ധത്തിൽ ഡോ: അംബേദ്ക്കർ അതുല്യനായിരുന്നു. ഈ നിർബന്ധം, സ്വന്തം അനുഭവങ്ങൾ, ദളിതുകളുടെയും (ഏററവുമധികം മർദ്ദിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന വിഭാഗം) തൊഴിലാളികളുടേയും താല്പര്യങ്ങളോടുള്ള പരിപൂർണ്ണമായ തന്മയീഭാവം, സ്റ്റാലിന്റെ നേതൃത്വത്തിൽ സോഷ്യലിസ്റ്റ് സോവിയററ് യൂണിയന്റെ വിജയകരമായ മുന്നേററം സൃഷ്ടിച്ച ലോകവ്യാപക ചലനം എന്നീ ഘടകങ്ങൾ എല്ലാംതന്നെ, ബൂർഷ്വാ ജനാധിപത്യം 'ദരിദ്രരും, പീഡിതരും, നിർധനരുമായ വർഗം അനുഭവിക്കുന്ന സാമ്പത്തിക അനീതികൾ തുടർച്ചയായി പെരുപ്പിച്ചിട്ടുണ്ട്'' [1] എന്ന തിരിച്ചറിവിലേക്ക് ഡോ: അംബേദ്ക്കറെ നയിച്ചു. അദ്ദേഹം പറഞ്ഞു. ''ഞങ്ങൾ റഷ്യൻ വിപ്ലവത്തെ സ്വാഗതം ചെയ്യുന്നു. കാരണം അത് സമത്വം സൃഷ്ടിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്.'' [2] ഡോ: അംബേദ്ക്കർ സ്വകാര്യസ്വത്തിന്റെ ഉപാസകനായിരുന്നില്ല. നീതിപൂർവ്വമായ ഒരു ലക്ഷ്യത്തിനുവേണ്ടി ബലം പ്രയോഗിക്കുന്നത് ന്യായീകരിച്ചുകൊണ്ട് അദ്ദേഹം ഇങ്ങനെ വാദിച്ചു: '' ഒരു പൌരനെ കൊന്നതിന് കൊലയാളിയുടെ ജീവൻ അപഹരിക്കാമെങ്കിൽ... ഒരു സ്വത്തുടമസ്ഥന്റെ ഉടമസ്ഥത ബാക്കി വരുന്ന മാനവരാശിക്ക് ദുരിതം സൃഷ്ടിക്കുന്നുണ്ടെങ്കിൽ എന്തുകൊണ്ട് അയാളെ കൊന്നുകൂടാ? സ്വകാര്യസ്വത്തിനെ പാവനമായി കരുതാൻ ഒരു ന്യായവുമില്ല.'' [3] സ്പഷ്ടമായും, ബൂർഷ്വാജനാധിപത്യത്തിന്റെ തീവ്രവശങ്ങളിലാണ് ഡോ: അംബേദ്ക്കർ ആകൃഷ്ടനായത്. മാത്രമല്ല, ഡോ: അംബേദ്ക്കർ ബൂർഷ്വാ ജനാധിപത്യ ലോകവീക്ഷണത്തിൽ നിന്ന് ഒരിക്കലും പൂർണ്ണമായി വേർപെട്ടിട്ടില്ലെങ്കിലും, ജാതിജഡില ഇന്ത്യൻ സമൂഹത്തിൽ വിട്ടുവീഴ്ചയില്ലാത്ത ജനാധിപത്യവൽക്കരണവും സമത്വവും സ്ഥാപിച്ചെടുക്കാനുള്ള നിരന്തര പരിശ്രമങ്ങളിലൂടെ അദ്ദേഹം ഈ വീക്ഷണത്തിന്റെ പരിമിതികളെ പലപ്പോഴും ലംഘിച്ചിരുന്നു. ഇന്നത്തെ ചരിത്രഘട്ടത്തിൽ, ഇന്ത്യയിലെ ജനതകൾ ജനാധിപത്യ വിപ്ലവത്തിന്റെ കടമകൾ നേരിടുന്ന സാഹചര്യത്തിൽ ഡോ: അംബേദ്ക്കർ പ്രകടമാക്കിയ തീവ്രവും വിട്ടുവീഴ്ചയില്ലാത്തതുമായ ബൂർഷ്വാ ജനാധിപത്യം ചരിത്രത്തിന്റെ പുരോഗമന, വിപ്ലവധാരയുടെ ഒരു ഭാഗം തന്നെയാണ്.

ഡോ: അംബേദ്ക്കറുടെ വീക്ഷണങ്ങളെ ദല്ലാൾവർഗത്തിലെ ജനാധിപത്യവാദികളായി വിശേഷിപ്പിക്കപ്പെടുന്ന ഗാന്ധിയും നെഹ്റുവുമായി താരതമ്യം ചെയ്താൽ ഇത് പെട്ടെന്നു മനസ്സിലാക്കാൻ കഴിയും. ദളിതുകളുടെ വിമോചന സമരത്തിലാണ് ഡോ: അംബേദ്ക്കർ മുഖ്യമായി മുഴുകിയിരുന്നത്. എന്നാൽ വിഭാഗീയവും ജാതീയവുമായ ഒരു നിലപാടിൽ നിന്നല്ല അദ്ദേഹം ജാതിനശീകരണ സമരത്തെ സമീപിച്ചിരുന്നത്. സമൂഹത്തിന്റെ സമഗ്ര ജനാധിപത്യവൽക്കരണമായിട്ടാണ് അദ്ദേഹം അത് കണ്ടിരുന്നത്. അതുകൊണ്ടുതന്നെ ബ്രാഹ്മണ്യവാദത്തെ കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനം സ്ത്രീമർദ്ദനത്തിലും തൊഴിലാളി പ്രസ്ഥാനത്തിലുമുള്ള അതിന്റെ കുടിലസ്വാധീനങ്ങളെ കൂടി സ്പർശിച്ചിരുന്നു. ജ്യോതിബാ ഫൂലയെ പോലുള്ള ബ്രാഹ്മണ്യവിരുദ്ധ പോരാളികളുടെ പാരമ്പര്യം തുടർന്നുകൊണ്ട്, ജാതിവ്യവസ്ഥയെ നിലനിർത്തുന്നതുമായിബന്ധപ്പെട്ട് സ്ത്രീമർദ്ദനം നിർവ്വഹിക്കുന്ന പങ്ക് അദ്ദേഹം ചൂണ്ടികാട്ടി. ആധുനിക കാലഘട്ടത്തിൽ ബ്രാഹ്മണ്യവാദത്തിനെതിരെയുള്ള വിമർശനം വികസിപ്പിച്ചുകൊണ്ട്, അതിന്റെ തട്ട്തട്ടായുള്ള അസമത്വ ബോധം

ചൂഷിതരെ വിമോചനത്തിന് ഐക്യപ്പെട്ട് സമരം ചെയ്യുന്നതിൽ നിന്ന് എങ്ങിനെ തടയുന്നു എന്ന് വ്യക്തമാക്കി. ജനാധിപത്യ വിരുദ്ധവും ജാതി ജഢിലവുമായ ഒരു സാമൂഹ്യക്രമത്തിനു മേലെ ജനാധിപത്യത്തിന്റെ ഔപചാരിക ചട്ടകൂട് അടിച്ചേല്പിച്ച് ആധുനിക സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തുന്ന ബ്രാഹ്മണ്യവാദ തട്ടിപ്പുകളും അദ്ദേഹം തുറന്നുകാട്ടി. വർഗ കൂട്ടുകെട്ടിൽ മാററം വരുത്താവുന്ന രാഷ്ട്രീയഭൂരിപക്ഷവും ജന്മാവകാശം പോലെ മേൽജാതികൾ അനുഭവിക്കുന്ന വർഗീയ ഭൂരിപക്ഷവും തമ്മിലുള്ള .വ്യത്യാസത്തിലേക്ക് അദ്ദേഹം ശ്രദ്ധ ആകർഷിച്ചു. ഏകീകൃത നിയോജക മണ്ഡലങ്ങളുടെ അടിസ്ഥാനത്തിലുള്ള സാർവ്വത്രിക വോട്ടവകാശം യഥാർത്ഥത്തിൽ ജനാധിപത്യത്തിന് നേർവിപരീതമായ വംശപാരമ്പര്യം നിലനിർത്തുന്ന സർക്കാരിന് എങ്ങിനെ വഴിവെക്കുമെന്നും ഡോ: അംബേദ്കർ തുറന്നുകാട്ടി. നാല്പതുവർഷത്തെ ഇന്ത്യൻ ജനാധിപത്യം ഈ അപാരമായ ഉൾക്കാഴ്ചക്ക് ഇന്നും സാക്ഷ്യം വഹിക്കുന്നു. ചുരുക്കത്തിൽ, ബൂർഷ്വാ ജനാധിപത്യ തത്വങ്ങളെ വിട്ടുവീഴ്ചയില്ലാതെ പ്രയോഗിക്കാൻ ഡോ: അംബേദ്കർ നടത്തിയ പരിശ്രമങ്ങൾ ഇന്ത്യൻ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണം ഉന്നയിക്കുന്ന കടമകൾ തിരിച്ചറിയുന്നതിൽ ഗുണപരമായ മുന്നേററങ്ങൾക്ക് കാരണമായി. ഇതിന് നേർവിപരീതമായി, ഗാന്ധിമാരും, നെഹ്രുമാരും സ്വന്തം സവർണ്ണ കുടുമകൾ ഒളിപ്പിച്ചുവച്ച് ബ്രാഹമണ്യവാദത്തിന്റെ പിന്തിരിപ്പൻ കൊലപിടുത്തം നിലനിർത്താനാണ് ജനാധിപത്യ തൊപ്പി അണിഞ്ഞത്. കമ്മ്യൂണിസ്റ്റ്പാർട്ടി നേതൃത്വമാകട്ടെ ബ്രാഹ്മണ്യവാദത്തിൽ നിന്ന് വേർപെടുന്നതിൽ പരാജയപ്പെടുകയും ദല്ലാൾ വർഗത്തിനു പിന്നിൽ ഇഴയുകയും ചെയ്തു, ഒരു ജനാധിപത്യവിപ്ലവം നയിക്കുകയാണെന്ന് അവകാശപ്പെട്ടു കമ്മ്യൂണിസ്റ്റ് നേതൃത്വത്തെ അപേക്ഷിച്ച് പുത്തൻ ജനാധിപത്യ വിപ്ലവത്തിന് ജനാധിപത്യവാദിയായ ഡോ: അംബേദ്കർ ഏറെ സംഭാവനകൾ നല്കി എന്നതാണ് വസ്തുത.

* * * * *

സാമ്രാജ്യത്വ ആധിപത്യത്തിൻ കീഴിലുള്ള ഇന്ത്യയെപോലുള്ള ഒരു രാജ്യത്ത് ജനാധിപത്യത്തിന്റെ പ്രശ്നം സാമ്രാജ്യത്തിനെതിരെയുള്ള വിട്ടുവീഴ്ചയില്ലാത്ത സമരവുമായി ബന്ധപ്പെട്ടിരിക്കുന്നു. കൊളോണിയൽ കാലഘട്ടത്തിൽ, ഇന്ത്യക്കുമേലുള്ള സാമ്രാജ്യത്വ ആധിപത്യം നാടുവാഴിത്തക്രമത്തിന്റെപിടി അയയ്ക്കുന്നതിനുവഴിവച്ചു. ഒട്ടുംതന്നെ മയമില്ലാത്ത ജാതിഘടനയെയും ഇതു ബാധിച്ചിരുന്നു. ദളിതുകൾക്കും മററു മർദ്ദിതജാതികൾക്കും അല്പം ആശ്വാസവും ലഭിച്ചു. എന്നാൽ തങ്ങളുടെ രാഷ്ട്രീയ ആധിപത്യവും സാമ്പത്തിക ചൂഷണവും സുരക്ഷിതമായതോടെ ബ്രിട്ടീഷ് കൊളോണിയലിസം അടിസ്ഥാനപരമായും നാടുവാഴിത്ത ഉല്പാദന ബന്ധനങ്ങളെ സംരക്ഷിക്കുകയാണ് ചെയ്തത്. നാടുവാഴിത്തത്തെ കൊളോണിയൽ ആധിപത്യത്തിന്റെ സാമൂഹ്യ അടിത്തറയാക്കി മാററിക്കൊണ്ട് സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തെ തടഞ്ഞു നിർത്തി.

കൊളോണിയലിസത്തിന്റെ. ഈ ഇരട്ടമുഖം ഡോ: അംബേദ്കർ ഒരു വലിയ പരിധിവരെ തിരിച്ചറിഞ്ഞിരുന്നു. അദ്ദേഹംപറഞ്ഞു.'ബ്രിട്ടീഷുകാർ ...അല്പം നന്മ ചെയ്തിട്ടുണ്ടെന്ന് ഞങ്ങൾ സന്തോഷപൂർവ്വം അംഗീകരിക്കുന്നു. എന്നാൽ ഞങ്ങളുടെ അവസ്ഥയിൽ മൗലികമായ ഒരു മാററവും തീർച്ചയായും ഉണ്ടായിട്ടില്ല. അവർക്ക് ഞങ്ങളെ സഹായിക്കാൻ കഴിയാത്തതുകൊണ്ടല്ല ഇതു സംഭവിച്ചത് . മറിച്ച് അത് അവരുടെ സ്വഭാവത്തിനും താല്പര്യങ്ങൾക്കും ഉദ്ദേശങ്ങൾക്കും വിരുദ്ധമായതുകൊണ്ടാണ്. നീതിയുടേയും സാഹചര്യത്തിന്റേയും നിർബന്ധങ്ങൾ അടിയന്തിരമായി ആവശ്യപ്പെടുന്നതുപോലെ ജീവിതത്തിന്റെ സാമൂഹ്യവും സാമ്പത്തികവുമായ ക്രമം ഭേദഗതി ചെയ്യാൻ നിർഭയമായി പ്രവർത്തിക്കുന്ന ഒരു സർക്കാരാണ് നമുക്കു വേണ്ടത്. ബ്രിട്ടീഷ് സർക്കാരിന് ഈ പങ്ക് ഒരിക്കലും നിർവ്വഹിക്കാൻ കഴിയില്ല. ജനങ്ങളുടെ, ജനങ്ങൾക്ക് വേണ്ടിയുള്ള, ജനങ്ങളാൽ സൃഷ്ടിക്കപ്പെട്ട ഒരു സർക്കാരിനെ ഇത് ചെയ്യാൻ കഴിയൂ... നമ്മുടെ ജനങ്ങൾക്ക് ആശ്വാസം പകരുന്നതിന് ഒഴിച്ചുകൂടാനാവാത്ത രാഷ്ട്രീയാധികാരം നമ്മുടെ സ്വന്തം കൈകളിൽ കിട്ടാനെന്തെങ്കിലും സാദ്ധ്യതയുണ്ടെങ്കിൽ അതൊരു സ്വരാജ് ഭരണഘടനയിലെ ലഭ്യമാകു."[4]

എന്നാൽ സ്വരാജ് എങ്ങിനെ നേടിയെടുക്കാൻ കഴിയും? സാമ്രാജ്യത്വ വിരുദ്ധ സമരവും ബ്രാഹ്മണ്യവിരുദ്ധ ജനാധിപത്യ സമരവും കൂട്ടിയിണക്കുന്ന ഒരു വിപ്ലവത്തിലൂടെ കൊളോണിയൽ നാടുവാഴിത്ത ക്രമം തകർത്തെറിയണം എന്ന പരിഹാരം ചൂണ്ടിക്കാട്ടുന്നതിൽ, തനിക്കുമുമ്പ് ബ്രാഹ്മണ്യവിരുദ്ധ ജനാധിപത്യ സമരത്തിൽ നേതൃത്വം വഹിച്ചവരെ പോലെ ഡോ: അംബേദ്കറും പരാജയപ്പെട്ടു എന്നതാണ് വസ്തുത. തന്മൂലം സാമ്രാജ്യത്വത്തെയും നാടുവാഴിത്തത്തെയും കടന്നാക്രമിക്കുന്ന സമരപാത വിട്ടുവീഴ്ചയില്ലാതെ പിന്തുടരാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. സ്വപ്രയത്നത്തിലൂടെ ദളിതുകൾ വിമോചിതരാകണമെന്ന തന്റെ തന്നെ നിലപാടിൽനിന്ന് അകന്ന് ദളിതുകളുടെ മർദ്ദിതാവസ്ഥയിൽ എന്തെങ്കിലും മാററങ്ങൾ വരുത്താനാകുമെന്ന പ്രതീക്ഷയോടെ (സ്വരാജ് ഭരണഘടനയിൽ ദളിതുകൾക്ക് ചില ഉറപ്പുകൾ ഉൾപ്പെടുത്തണമെന്ന ആവശ്യം കോൺഗ്രസ്സ് നിഷേധിച്ചതിനെ തുടർന്ന്) അദ്ദേഹം 2-ാം ലോകയുദ്ധഘട്ടത്തിൽ കൊളോണിയൽ സർക്കാരിലും പിന്നീട് നെഹ്റുവിന്റെ സർക്കാരിലും അംഗമായി. (ബ്രാഹ്മണിക് കോൺഗ്രസ്സ് പ്രഭുക്കളുടെ കടുത്ത എതിർപ്പ് നേരിട്ടുകൊണ്ട്) ഭരണഘടനാ നിർമ്മാണ സഭയിൽ അംഗമായതും അതിൽ അദ്ദേഹം നിർവ്വഹിച്ച പങ്കും 'ഇതിന് സമാനമാണ്. കൊളോണിയൽ സർക്കാർ വഴിയോ സാമ്രാജ്യത്വ പ്രേരിതമായ ഭരണഘടനയിലൂടെയോ ദളിതുകളുടെ വിമോചനം ഒരിക്കലും സാധ്യമാവില്ല എന്ന കടുത്ത വസ്തുത ഒരിക്കൽ കൂടി ഉറപ്പിക്കുന്നതായിരുന്നു ഈ പരിശ്രമങ്ങളുടെ ഫലം. (ഡോ: അംബേദ്കർ നിർദ്ദേശിച്ച പുരോഗമന സ്വഭാവമുള്ള ഹിന്ദുപരിഷ്ക്കരണ നിയമം കാബിനററ് തള്ളികളഞ്ഞതിനെ തുടർന്ന് അദ്ദേഹം നെഹ്റു മന്ത്രിസഭയിൽ നിന്ന് രാജിവച്ചു.) ബ്രാഹ്മണ്യ വിരുദ്ധ ജനാധിപത്യ സമരത്തോട് തികച്ചും പ്രതിബദ്ധനായ ഡോ: അംബേദ്കറെ പോലുള്ളവരുടെ സാന്നിദ്ധ്യ

ത്തിന് ഈ സ്ഥാപനങ്ങളുടെ പിന്തിരിപ്പൻ സ്വഭാവത്തിൽ അല്പംപോലും മാററം വരുത്താൻ കഴിഞ്ഞില്ല. സ്വരാജും ദളിതുകളുടെ വിമോചനവും ഈ സ്ഥാപനങ്ങൾക്കുമേൽ അധിപത്യം ചെലുത്തുന്ന വർഗങ്ങളിൽ നിന്ന് ഒരിക്കലും ലഭിക്കുകയില്ല, കാരണം ഈ ലക്ഷ്യങ്ങൾ അവരുടെ "സ്വഭാവത്തിനും താല്പര്യങ്ങൾക്കും ഉദ്ദേശങ്ങൾക്കും" വിരുദ്ധമാണ്. കൈയ്യിൽ ആയുധങ്ങൾ ഏന്തിയ മർദ്ദിതരുടെ തന്നെ സചേതനമായ സ്വപ്രയത്നത്തിലൂടെ അവ നേടിയെടുക്കണം. ഈ പാഠം തിരിച്ചറിയുന്നതിൽ സംഭവിച്ച ഡോ: അംബേദ്ക്കറുടെ ദൗർഭാഗ്യകരമായ പരാജയത്തിൻെറ വേരുകൾ അദ്ദേഹത്തിൻെറ ലോക വീക്ഷണത്തിൻെറ പരിമിതികളിലും സാഹചര്യത്തിൻെറ സമ്മർദ്ദത്തിലുമാണ് കണ്ടെത്താനാവുക.

ഏതൊരു മർദ്ദിത രാഷ്ട്രത്തിലെയും ജനാധിപത്യസമരം സാമ്രാജ്യത്വവ്യവസ്ഥയെ തകർക്കാനുള്ള ലോകവ്യാപക വിപ്ലവവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു, കാരണം ഈ വ്യവസ്ഥ തന്നെയാണ് ജനാധിപത്യവൽക്കരണത്തിനുള്ള മുഖ്യതടസ്സം. ഈ കടമ മുതലാളിത്തത്തിൻെറ തന്നെ നാശം ആവശ്യപ്പെടുന്നതുമൂലം അത് ബൂർഷ്വാ ലോകവീക്ഷണത്തിൻെറ, അതെത്രതന്നെ തീവ്രമാണെങ്കിൽപോലും, നേതൃത്വത്തിൻ കീഴിൽ നിർവ്വഹിക്കാൻ കഴിയില്ല. മുതലാളിത്തത്തിൻെറ നാശത്തിൽ താല്പര്യമുള്ള തൊഴിലാളിവർഗത്തിനുമാത്രമേ ഒരു മർദ്ദിത രാഷ്ട്രത്തിലെ ജനാധിപത്യ സമരത്തെ നയിക്കാൻ കഴിയൂ. ഇന്ത്യൻ സാഹചര്യത്തിൽ ഒരു സുപ്രധാന ഘടകമെന്ന നിലയിൽ ബ്രാഹ്മണ്യവിരുദ്ധസമരത്തെകൂടി ഉൾക്കൊള്ളുന്ന ഈ സമരം ഒരു പുതിയ തരത്തിലുള്ള ജനാധിപത്യ വിപ്ലവമാണ്—മാവോ സേതൂങ്ങ് വിശദമാക്കിയ പുത്തൻ ജനാധിപത്യവിപ്ലവം.

മുമ്പു സൂചിപ്പിച്ചതുപോലെ ഡോ: അംബേദ്ക്കർ ബൂർഷ്വാ സമത്വത്തിൻെറ പരിമിതികൾ തിരിച്ചറിഞ്ഞിരുന്നു. പൂനാ കരാർ പരാജയപ്പെട്ടതിനെതുടർന്ന് ഡോ: അംബേദ്ക്കർ ഒരു തൊഴിലാളിപാർട്ടി, ഇൻഡിപെൻഡൻറ് ലേബർ പാർട്ടി, സംഘടിപ്പിക്കുന്ന കടമ ഏറെറടുത്തു. തൊഴിലാളികളുടെ ഒരു യോഗത്തെ അഭിസംബോധന ചെയ്തുകൊണ്ട് അദ്ദേഹംപറഞ്ഞു, "നിങ്ങൾ വർഗതാല്പര്യങ്ങളിലും വർഗബോധത്തിലുമധിഷ്ഠിതമായ ഒരു രാഷ്ട്രീയ പാർട്ടിയിൽ ചേരണം". [5]ഈ ഘട്ടത്തിൽ, 2-ാം ലോകയുദ്ധത്തിന് തൊട്ടുമുമ്പ്, ഇമ്പീരിയൽ കൗൺസിലിൽ അംഗമാകുന്നതിനു മുമ്പ്) അദ്ദേഹം തുണിമിൽ തൊഴിലാളികളുടെ സമരങ്ങൾ നയിക്കുന്നതിൽ സജീവമായി പങ്കെടുത്തു. തൊഴിലാളികൾ കൈകാര്യം ചെയ്യേണ്ട ഇരട്ട ശത്രുക്കളായി ബ്രാഹ്മണ്യവാദത്തെയും മുതലാളിത്തത്തെയും തിരിച്ചറിയാൻ അദ്ദേഹത്തിന് സ്വന്തം അനുഭവത്തിലൂടെ കഴിഞ്ഞു. ഇത് ഇന്ത്യയിലെ തൊഴിലാളി വർഗ പ്രസ്ഥാനത്തിന് അമൂല്യമായ ഒരു സംഭാവനയായിരുന്നു. എന്നാൽ വളരെ ചുരുങ്ങിയ ഒരു കാലത്തേക്ക് ഒഴികെ, കമ്മ്യൂണിസ്റ്റ് പാർടി നേതൃത്വം അദ്ദേഹത്തെ പിന്തുണയ്ക്കുകയോ ഈ സംരംഭങ്ങളുമായി സഹകരിക്കുകയോ ചെയ്തില്ലെന്ന കടുത്ത യഥാർത്ഥ്യം അനിഷേധ്യമാണ്. ബ്രഹ്മണ്യവിരുദ്ധ സമരത്തിൻെറ ആവശ്യകതയോ, സ്വന്തം ചരിത്രപരമായ കടമയെകുറിച്ച് തിരിച്ചറിവുനേടിയ ഒരു വർഗമായി തൊഴിലാളിവർഗത്തെ മെനഞ്ഞെടുക്കുന്നതിൽ അതു നിർവ്വഹിക്കുന്ന പങ്കിനെയോ അംഗീകരിക്കാൻ വിസമതിച്ചുകൊണ്ട് കമ്മ്യൂണിസ്റ്റുപാർട്ടി വർഗഐക്യത്തിൻെറപേരിൽ തൊളിലാളികൾക്കിടയിലും പൊതുവിൽ സമൂഹത്തിലുമുള്ള ജാതീയതയുമായി സന്ധി ചെയ്യുകയാണുണ്ടായത്. കമ്മ്യൂണിസ്റ്റുപ്രസ്ഥാനവും ബ്രാഹ്മണ്യവിരുദ്ധ ജനാധിപത്യ പ്രസ്ഥാനവും തമ്മിൽ സാദ്ധ്യമായ ഐക്യത്തെ ഇത് തകർത്തുകളഞ്ഞു. സാമ്രാജ്യത്വത്തിനും പ്രാദേശിക പിന്തിരിപ്പത്വത്തിനുമെതിരെയുള്ള അതിശക്തമായ കടന്നാക്രമണത്തിന്, തീവ്രവും പുരോഗമനപരവുമായ എല്ലാ പ്രവണതകളെയും ഐക്യപ്പെടുത്തുന്ന ദേശീയ വിമോചനസമരത്തിൻെറ നേതൃത്വമായി പ്രവർത്തിക്കുന്നതിനുപകരം, കമ്മ്യൂണിസ്റ്റ് പാർട്ടി അവയെ വഞ്ചിക്കുകയും സാമ്രാജ്യത്വവാദികളും ദല്ലാൾ ശക്തികളുമായി സന്ധി ചെയ്യുന്നതിലേയ്ക്ക് അവയെ തള്ളിവിടുകയുമാണ് ചെയ്തത്. ഡോ: അംബേദ്ക്കറുടെ നിലപാടുകളിലും പ്രവർത്തികളിലുമുള്ള ന്യൂനതകൾ വിലയിരുത്തുമ്പോൾ ഈ നിർണ്ണായകഘടകം വേണ്ടത്ര പരിഗണിക്കപ്പെടണം. കൂട്ടത്തിൽ, സർക്കാരിലും ഭരണഘടനാ നിർമ്മാണ സഭയിലും ഡോ: അംബേദ്ക്കർ സ്വീകരിച്ച നിലപാടുകൾ, വിപ്ലവത്തെ നയിക്കുന്നു എന്ന് അവകാശപ്പെടുകയും എന്നാൽ ഭരണഘടനാവാദത്തിൻെറ ചളിക്കുണ്ടിൽ ആണ്ടുപോവുകയും ചെയ്ത കമ്മ്യൂണിസ്റ്റ് നേതൃത്വത്തിൻെറ നിലപാടുകളെ അപേക്ഷിച്ച് പലപ്പോഴും മുന്നിട്ടുനിന്നിരുന്നു എന്ന യാഥാർത്ഥ്യവും അംഗീകരിക്കപ്പെടണം.

* * * * *

ബ്രാഹ്മണ്യവാദത്തിൻെറ ആധിപത്യത്തിലുള്ള ഹിന്ദുമതത്തിൽ നിന്ന് വേർപെട്ട് ബൗദ്ധമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ ഡോ: അംബേദ്ക്കർ തൻെറ ജീവിതത്തിൻെറ അന്ത്യദശയിൽ ദളിതുകളോട് ആഹ്വാനം ചെയ്തു. ബ്രാഹ്മണ്യവാദത്തിൻെറ പ്രത്യയശാസ്ത്ര കൊലപിടുത്തത്തിൽ നിന്ന് ദളിതുകൾ കൂട്ടത്തോടെ മോചിതരാകുവാനും വ്യത്യസ്ത ദളിത് ജാതികളെ ഒരൊററ സമുദായമായി ഏകീകരിക്കാൻ കഴിയുന്ന പുതിയ തനിമ ആർജ്ജിക്കുവാനുമുള്ള ഉപാധി ആയിട്ടാണ് ഈ മതപരിവർത്തനം വീക്ഷിക്കപ്പെട്ടിരുന്നത്. എന്നാൽ ഈ ലക്ഷ്യങ്ങൾ നേടാൻ സധിച്ചിട്ടില്ല എന്നാണ് കഴിഞ്ഞ നാലു ദശകങ്ങളുടെ അനുഭവങ്ങൾ കാട്ടിത്തരുന്നത്. ദളിത് ജാതികൾക്കിടയിൽ മഹാരാഷ്ട്രയിലെ മഹാറുകൾ മാത്രമാണ് കൂട്ടത്തോടെ ബുദ്ധമതത്തിൽ ചേർന്നത്. അഥവാ പുതിയ തനിമയ്ക്കുള്ള പുതിയ സമുദായം സൃഷ്ടിക്കണമെന്ന ലക്ഷ്യം സഫലമായില്ല. പുത്തൻ ബൗദ്ധ മഹാറുകൾക്ക് മേൽജാതി മേധാവിത്വത്തിനെതിരെ അവകാശസ്ഥാപനം നടത്താൻ കഴിഞ്ഞെങ്കിലും അവർക്കിടയിൽ നിന്ന് ജാതീയമനോഭാവങ്ങൾ പിഴുതെറിയപ്പെട്ടിട്ടില്ല. മഹാറുകൾക്കിടയിൽ നിന്ന് ഉയർന്നുവന്ന തീർത്തും ചെറിയ ബൂർഷ്വാവിഭാഗവും താരതമ്യേന വലിയ പെററിബൂർഷ്വാ വിഭാഗവും ബുദ്ധമതത്തിൻെറ വിമോച

നാത്മക, ബ്രാഹ്മണ്യവിരുദ്ധ ഊന്നലുകളെ തടഞ്ഞുവച്ചിരിക്കുന്നു. സ്വന്തം താല്പര്യങ്ങൾ സേവിക്കാനുള്ള സൗകര്യപൂർവ്വമായ ഒരു അനുഷ്ഠാനമായി അവർ അതിനെ മാററിയിരിക്കുന്നു. മതപരിവർത്തനം ഒരു പരിഹാരമല്ല എന്ന് സ്പഷ്ടമാണ്.

പരസ്പരം കണ്ണിചേർക്കുന്ന ഒരു പ്രത്യയശാസ്ത്രശക്തിയായി മതത്തിന് പങ്ക് വഹിക്കാൻ കഴിയുമെന്ന് കരുതുന്നതിൽ ഡോ: അംബേദ്ക്കർക്ക് തെററുപററിയെങ്കിലും, ജാതി വേലികെട്ടുകൾ തകർക്കാൻ ദളിതുകളിൽ നിന്ന് ആരംഭിച്ചുകൊണ്ട് പുത്തൻ തനിമയുള്ള ഒരു സമുദായം വാർത്തെടുക്കണമെന്ന അദ്ദേഹത്തിൻെറ തിരിച്ചറിവ് തീർത്തും ശരിയായിരുന്നു. മതപരമോ മതേതരമോ ആയ ഇത്തരം സമുദായങ്ങളുടെ സ്ഥാപനം വഹിച്ച നിർണ്ണായക പങ്കിന് ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ ബ്രാഹ്മണ്യവിരുദ്ധ, ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ചരിത്രം സാക്ഷ്യം വഹിക്കും. സിഖ് ഖാൽസയും വീരശൈവ ലിംഗായത്ത് സമൂഹവും ഫൂലെയുടെ ബഹുജൻ സമാജും ഇ. വി. രാമസ്വാമി പെരിയാറുടെ ദ്രാവിഡനാടും ഇതിന് ഉദാഹരണങ്ങളാണ്.

(തുടരും)

---

1. പേജ് 275, സോർസ് മെററീരിയൽ, വാള്യം 1, 1982
2. പേജ് 462, ഡോ: ബാബാസാഹേബ് അംബേദ്ക്കർ, കൃതികളും പ്രസംഗങ്ങളും, വാള്യം 3, 1987
3. പേജ് 450, അതേകൃതി
4. [illegible] 504-505, കൃതികൾ, വാള്യം 2, 1982
5. [illegible] പേജ് 165, സോർസ് മെററീരിയൽ, 1932.

# ആദിവാസികളുടെ ഭൂമി വീണ്ടെടുക്കാൻ പ്രക്ഷോഭം

കുടിയേററ കർഷകർക്ക് പട്ടയം കൊടുക്കുന്നതിനുവേണ്ടി കേരള സർക്കാർ തീവ്രശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണല്ലോ. എന്നാൽ നൂററാണ്ടുകളായി കേരളത്തിൻെറ മലപ്രദേശങ്ങളിൽ അധിവസിച്ചു കൃഷിചെയ്തുകൊണ്ടിരുന്ന ആദിവാസികളുടെ ഭൂമി മററുള്ളവർ കൈയ്യേറി അവരെ വഴിയാധാരമാക്കിയിരിക്കുന്നു. 1975-ൽ സംസ്ഥാന നിയമസഭ ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുത്തു അവർക്ക് കൊടുക്കണമെന്ന് നിയമനിർമ്മാണം നടത്തിയെങ്കിലും ഒരുനടപടിയും സ്വീകരിച്ചിട്ടില്ല.

ഇപ്പോൾ പട്ടയം കൊടുക്കുവാൻ പോകുന്നതിൻെറ വലിയൊരു ഭാഗം ഇടുക്കി ജില്ലയിലാണ്. ആദിവാസികളുടെ ചെലവിൽ നടക്കുന്ന ഈ പട്ടയ വിതരണത്തിൻെറ ഒരു ഉദാഹരണം ഇതാ. ഇടുക്കി ജില്ലയിലെ കേന്ദ്രങ്ങളിലൊന്നായ കട്ടപ്പന വില്ലേജിലെ 6-ാം വാർഡിൽ 300 ഏക്കർ ഭൂമി ആദിവാസി സെററിൽമെൻററ് കോളനിയാണ്. ഇന്ന് 8 ഏക്കർ മാത്രമേ അവരുടെ കൈവശമുള്ളു. ബാക്കി സർക്കാരുൾപ്പെടെ കുടിയേററക്കാർ കൈയ്യേറി. 1987-ൽ ഇരുന്നൂറോളം ആദിവാസികൾ ദേവികുളം ആർ.ഡി.ഒ യ്ക്ക് പരാതി കൊടുത്തെങ്കിലും ഒരു നടപടിയും സ്വീകരിച്ചില്ല. ഭൂമി നഷ്ടപ്പെട്ട ആദിവാസികൾ ബന്ധപ്പെട്ട ആർ.ഡി.ഒ യ്ക്ക് പരാതി കൊടുത്താൽ ഒരു മാസത്തിനുള്ളിൽ പരാതിക്കാരന് ഭൂമി വീണ്ടെടുത്തു കൊടുക്കണമെന്ന് നിയമം പറയുന്നു. എന്നാൽ വർഷങ്ങളായിട്ടും പരാതിയുടെമേൽ നടപടി സ്വീകരിച്ചിട്ടില്ല. ആദിവാസി സെററിൽമെൻററ് കോളനികളിൽ പട്ടയം കൊടുക്കില്ലെന്ന് സർക്കാർ പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇതുപോലുള്ള ആദിവാസി ഭൂമികളിലും കുടിയേററക്കാർക്കു പട്ടയം കൊടുക്കാൻ പോവുകയാണ്.

കട്ടപ്പനയിൽ രൂപംകൊണ്ട ആദിവാസി ഭൂമി സംരക്ഷണ സംയുക്ത സമരസമിതി ഹൈക്കോടതിവഴി പട്ടയവിതരണത്തിന് സ്റ്റേ വാങ്ങിയതോടെ സർക്കാരിൻെറ ഗൂഢപദ്ധതിക്ക് ഒരു തട താല്ക്കാലത്തേക്ക് ഉയർന്നിട്ടുണ്ട്. അന്വേഷണം നടത്താൻ കോടതി നിർദ്ദേശിച്ചിരുന്നുവെങ്കിലും, ഈ പ്രദേശം സെററിൽമെൻററ് കോളനിയായിരുന്നുവെന്ന് തെളിയിക്കാനാണ് ആർ.ഡി.ഒ ഉൾപ്പെടെ ഉദ്യോഗസ്ഥന്മാർ ആദിവാസികളോട് ആവശ്യപ്പെട്ടത്! നിയമംവഴി ലഭിച്ച താല്ക്കാലിക ആശ്വാസത്തിനപ്പുറം അവകാശങ്ങൾ സ്ഥാപിച്ചെടുക്കാൻ സംയുക്തസമരസമിതി പ്രക്ഷോഭണ പ്രചരണ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആദിവാസി ഭൂമിസംരക്ഷണ നിയമം നടപ്പിലാക്കുക, ഭൂരഹിത ആദിവാസികൾക്ക് 5 ഏക്കർ ഭൂമി നല്കുക, ആദിവാസി ഭൂപ്രശ്നവും വനനശീകരണവും പരിഹരിക്കുന്നതുവരെ പട്ടയവിതരണം നിർത്തിവയ്ക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചാണ് പ്രക്ഷോഭണം നടത്താനുദ്ദേശിക്കുന്നത്. ടാററാ, ഗോയൻക എന്നീ കുത്തകകളുടെ കൈവശം തന്നെ കേരള സർക്കാർ ഇതുവരെ ഏറെറടുത്ത മിച്ച ഭൂമിക്ക് തുല്യമായ ഭൂമി ഉണ്ടെന്നിരിക്കെ ആദിവാസികളുടെ ചെലവിൽ കുടിയേററക്കാരെ തൃപ്തിപ്പെടുത്താനുള്ള ഭരണവർഗത്തിൻെറ ഗൂഢപദ്ധതിയെ എല്ലാ ജനാധിപത്യവാദികളും എതിർത്തു പരാജയപ്പെടുത്തണം.

# ഐ.ഇ.സി. രൂപീകരണ സമ്മേളനം

തടവിലാക്കപ്പെട്ട പെറു കമ്മ്യൂണിസ്റ്റു പാർട്ടി ചെയർമാൻ സ: അബിമേൽ ഗുസ്മാൻെറ (ഗോൺസാലോ) ജീവൻ സംരക്ഷിക്കുന്നതിനുള്ള അടിയന്തിര അന്താരാഷ്ട്ര കമ്മിററി (ഐ ഇ സി.) യുടെ രൂപീകരണ സമ്മേളനം ഫെബ്രുവരി 27,28 തീയതികളിൽ ജർമ്മനിയിലെ സുയിസ്ബെർഗിൽ വച്ചുനടന്നു. ഡോ: ഗുസ്മാൻ അറസ്റ്റിലായ ഉടനെ പ്രവർത്തനം ആരംഭിച്ച ഈ കമ്മിററിയുടെ പ്രവർത്തനങ്ങൾ ഇന്ന് ലോകത്തുടനീളം വ്യാപിച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന 31 രാജ്യങ്ങളിലെ 1000ലേറെ പ്രതിനിധികൾ രൂപീകരണ സമ്മേളനത്തിൽ പങ്കെടുത്തു. സമ്മേളനം ഐ ഇ. സി. യുടെ സ്റ്റീയറിംഗ് കമ്മിററി തെരഞ്ഞെടുക്കുകയും ഫുജിമോറി ഏകാധിപത്യത്തിനും, അതിന് എല്ലാ സഹായങ്ങളും നിർദ്ദേശങ്ങളും നല്കി സ: ഗുസ്മാനെ കൊലപ്പെടുത്താനും പെറുവിലെ വിപ്ലവം തകർക്കാനും ശ്രമിക്കുന്ന യു. എസ്. ഭരണാധികാരികൾക്കും എതിരെ പ്രമേയങ്ങൾ അംഗീകരിക്കുകയും ചെയ്തു. സാമ്രാജ്യത്വ പിന്തുണയോടെ നടക്കുന്ന മനുഷ്യാവകാശ ലംഘനങ്ങൾക്കും അടിച്ചമർത്തലുകൾക്കുമെതിരെയുള്ള ലോകവ്യാപക ചെറുത്തുനില്പു പ്രസ്ഥാനമായി മാറിയിരിക്കുന്ന ഐ ഇ.സി.യുടെ പ്രവർത്തനങ്ങൾ തെക്കൻ അമേരിക്കയിൽ ഉടനീളം വ്യാപിപ്പിക്കാനും ഈ വേനൽക്കാലത്ത് ഡോ: ഗുസ്മാൻെറ ജീവൻ സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങളെ ഊർജ്ജസ്വലമാക്കുന്നതിന് സാർവ്വദേശീയ ഐക്യദാർഢ്യ ദിനം ആചരിക്കാനും തീരുമാനിച്ചു. മനുഷ്യാവകാശ പ്രവർത്തനങ്ങളിൽ മുഴുകുന്ന ആംനെസ്റ്റി ഇൻറർനാഷണൽ ഡോ: ഗുസ്മാൻെറ വിഷയത്തിൽ സ്വീകരിച്ചിരിക്കുന്ന സാമ്രാജ്യത്വ പക്ഷപാതിത്വപരമായ നിശ്ശബ്ദതയെ അപലപിക്കുന്ന പ്രമേയവും സമ്മേളനം അംഗീകരിച്ചു. ഉടനടി തന്നെ പെറുവിലേക്ക് ഒരു പ്രതിനിധിസംഘത്തെ അയക്കാനും സമ്മേളനം തീരുമാനിച്ചു, ഡോ: ഗുസ്മാൻെറ അറസ്റ്റിനുശേഷം പെറുവിലേക്കു പോകുന്ന നാലാമത്തെ പ്രതിനിധി സംഘമായിരിക്കുമിത്. രാഷ്ട്രീയ തടവുകാർക്കുവേണ്ടി കോടതിയിൽ വാദിക്കുന്ന അഭിഭാഷകരെ അറസ്റ്റുചെയ്യുകയും, പെറുവിലെ ബാർ അസോസിയേഷൻ നിരോധിക്കുകയും, ഏകാധിപത്യത്തിൻെറ മറവിൽ ഭരണഘടനാ ഭേദഗതി വരുത്തി വധശിക്ഷ പൂർവ്വകാല പ്രാബല്യത്തോടെ നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഫുജിമോറി ഭരണത്തെ തുറന്നുകാട്ടാനും ലോക അഭിപ്രായം തട്ടിയുണർത്താനും ഈ പ്രതിനിധി സംഘങ്ങൾക്ക് നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിഞ്ഞിട്ടുണ്ട്.

രൂക്ഷമായ അടിച്ചമർത്തലിനെ നേരിട്ടുകൊണ്ട് പെറുവിലെ ജനകീയയുദ്ധം മുന്നേറുകയാണ്. മാർച്ച് അവസാന ആഴ്ചയിൽ ഒരു ജയിൽ ഭേദിച്ച് 32 വിപ്ലവകാരികളെ ജനകീയസേന വിമോചിപ്പിച്ചു. സ: ഗുസ്മാൻെറ അറസ്റ്റിനുശേഷം 500ൽ പരം സൈനിക,പ്രചരണ നടപടികൾ നടത്താൻ പി,സി.പി.ക്കു കഴിഞ്ഞിട്ടുണ്ട്. അതേസമയം ഫുജിമോറി ഭരണം ജനങ്ങളിൽനിന്ന് ഒററപ്പെടുകയും ആഭ്യന്തരമായി പല പ്രതിസന്ധികളെയും നേരിടുകയും ചെയ്യുന്നു. സ: ഗുസ്മാനെ വിചാരണ പ്രഹസനത്തിൻെറ മറവിൽ ജീവപര്യന്തം തടവിന് വിധിച്ച സൈനിക കോടതിയുടെ തലവൻപോലും ഫുജിമോറി ഭരണത്തിനെഎതിർത്ത് പെറുവിൽ നിന്ന് പാലായനം [illegible]രിക്കുകയാണ്. വിപ്ലവത്തിൻെറ [illegible]ക്തമായ മുന്നേററം സൃഷ്ടിക്കുന്ന ഈ അനുകൂലസാഹചര്യത്തെ ഒന്നുകൂടി ബലപ്പെടുത്തുന്നതിലും ഡോ: ഗുസ്മാനെ വധിക്കാനുള്ള ശ്രമങ്ങളെ തടയുന്നതിലും ഐ.ഇ.സി. പ്രവർത്തനങ്ങൾ അതിപ്രധാനമായ പങ്കുവഹിക്കുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ നിലനിർത്തുന്നതിനും വിപുലീകരിക്കുന്നതിനും എല്ലാ ജനാധിപത്യവാദികളോടും ഒരു ദിവസത്തെ വേതനം സംഭാവന നല്കാൻ ഐ.ഇ. സി. ആഹ്വാനം ചെയ്തിരിക്കുന്നു,

സംഭാവനകൾ (കേരളത്തിൽ)
പ്രതിരോധസമിതി,
c/o. വേൾഡ് ടു വിൻ,
വെണ്ണല പി.ഒ., കൊച്ചി-25

എന്ന വിലാസത്തിൽ അയക്കാവുന്നതാണ്.

# പെറു വിമോചിതമേഖലകളിലെ ജനജീവിതം—3

വിമോചിത മേഖലകളിൽ രൂപം കൊള്ളുന്ന ജനകീയ സമിതികളിൽ അഞ്ച് അംഗങ്ങളാണുള്ളത്. ഇവരെ കമ്മീഷനർമാർ എന്നാണ് വിശേഷിപ്പിക്കുന്നത്. അതായത് ജനങ്ങളുടെ ആഗ്രഹപ്രകാരം അധികാരം കൈയ്യാളൻ നിയോഗിക്കപ്പെട്ടവർ. ഇവരെ തിരിച്ചുവിളിക്കാനും പുതിയ പ്രതിനിധിയെ നിയോഗിക്കാനും ജനങ്ങൾക്ക് അവകാശമുണ്ട്. സമിതിയുടെ സെക്രട്ടറി കമ്മീഷണർ പാർട്ടി പ്രതിനിധിയായിരിക്കും, സമിതിക്കുള്ളിലെ തൊഴിലാളിവർഗ പ്രതിനിധിയായിട്ടാണ് ഈ സെക്രട്ടറിയെ പരിഗണിക്കുന്നത്. സെക്യൂരിററി കമ്മീഷണർ പുതിയ അധികാരത്തിൻെറ സംരക്ഷണ ചുമതലകൾക്ക് മേൽനോട്ടം വഹിക്കുന്നു, പ്രാദേശിക ചെറുത്തുനില്പുസേനയുടെ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും പൊതുക്രമം പാലിക്കുന്ന വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതോടൊപ്പം ജനകീയഗറില്ലാ സൈന്യത്തിൻെറ പ്രവർത്തനങ്ങൾക്കുള്ള പദ്ധതികളും സെക്യൂരിററി കമ്മീഷനർ തയ്യാറാക്കുന്നു. ജനകീയ സംഘങ്ങളുടെ കമ്മീഷണർ മുഖ്യമായും വിവിധ വിപ്ലവ ബഹുജനസംഘങ്ങളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ജനകീയ അധികാര

പ്രയോഗത്തിൽ അവയുടെ പങ്കാളിത്തം ഉറപ്പിക്കുകയും ചെയ്യുന്നു. ഉല്പാദനത്തിന്റെയും സമ്പദ്ഘടനയുടെയും മേൽനോട്ടം വഹിക്കുന്ന കമ്മീഷണറുടെ പ്രധാന ചുമതല കൂട്ടുകൃഷി സംഘടിപ്പിക്കലാണ്; ജന്മികളിൽ നിന്നും മററും പിടിച്ചെടുത്ത ഭൂമി ജനകീയ സമിതികളുടെ നേതൃത്വത്തിൽ കൂട്ടായിട്ടാണ് കൃഷിചെയ്യുന്നത്. ഇതുകൂടാതെ കച്ചവടം, ഉല്പന്നങ്ങളുടെ കൈമാററം, നാട്ടിൻപുറങ്ങളിലെ ചന്തകളുടെ പ്രവർത്തനം എന്നിവയും ഈ കമ്മീഷണറുടെ ചുമതലകളിൽ പെടും. കൊള്ളലാഭം തടഞ്ഞ് മിതമായ ലാഭത്തിന് കച്ചവടം നടത്താൻ കച്ചവടക്കാരെ അനുവദിക്കുന്ന ഒരു [illegible]കീയ സമിതികൾ നട[illegible] പ്പാക്കുന്നത്. വിധവകളുടെയും വൃദ്ധരുടെയും അനാഥ കുട്ടികളുടെയും ഭൂമിയിലെ കൃഷിനടത്തിക്കുന്ന ഉത്തരവാദിത്വവും ഈ കമ്മീഷണർക്കുണ്ട്. സാമൂഹ്യവിഷയങ്ങൾക്കുള്ള കമ്മീഷണർ നീതിനിർവ്വഹണത്തിന്റെ ചുമതല വഹിക്കുന്നു. ഈ കമ്മീഷണറുടെ കീഴിൽ ഒരു നഷ്ട പരിഹാര കമ്മിററിയും രൂപീകരിച്ചിട്ടുണ്ട്. ഇതിലെ അംഗങ്ങൾ മാറിമാറി നിയമിക്കപ്പെടുന്നു. നാട്ടിൻപുറങ്ങളിലെ ജനങ്ങൾ തമ്മിലുള്ള തർക്കങ്ങൾ, കന്നുകാലികളോ മറേറാ വരുത്തിവയ്ക്കുന്ന നഷ്ടങ്ങൾ എന്നിങ്ങനെയുള്ള പ്രശ്നങ്ങളാണ് ഈ കമ്മിററി കൈകാര്യം ചെയ്യുന്നത്. വിവാഹം, വിവാഹമോചനം എന്നീ വിഷയങ്ങളും ഈ കമ്മീഷണറാണ് കൈകാര്യം ചെയ്യുന്നത്. വിവാഹിതരാകാൻ ആഗ്രഹിക്കുന്നവർ രണ്ടു സാക്ഷികളുമായിവന്ന് തങ്ങൾ ആ സമയത്ത് മററു വിവാഹബന്ധങ്ങളിൽ ഏർപ്പെട്ടിട്ടില്ല എന്ന് തെളിയിക്കണം. അതോടൊപ്പം വൈദ്യപരിശോധനക്കും വിധേയരാകണം. ദമ്പതികളിൽ ആരെങ്കിലും ആവശ്യപ്പെട്ടാൽ വിവാഹമോചനം നല്കും. കുട്ടികളുടെ പ്രശ്നം പരിഹരിച്ചുകൊണ്ടും ദമ്പതികൾ തമ്മിലുള്ള വൈരുധ്യം ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ പരാജയപ്പെട്ടതിനുശേഷവുമാണ് ഇതു ചെയ്യുന്നത്.

(തുടരും)

# ഒരു കമ്മ്യൂണിസ്റ്റ്കാരന്റെ ഓർമ്മക്കായി

സിലോൺ കമ്മ്യൂണിസ്റ്റ് പാർട്ടി (മാവോയിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് എൻ. ഷൺമുഖദാസൻ 1993 ഫെബ്രുവരി 8ന് നിര്യാതനായി. മരണസമയത്ത് സഖാവിന് 73 വയസ്സായിരുന്നു. വളരെക്കാലമായി നട്ടെല്ലിന് സുഖമില്ലാതെ രോഗശയ്യയിലുമായിരുന്നു. ഇതിനു 2 മാസം മുമ്പ് രോഗമവഗണിച്ച് പെറുകമ്മ്യൂണിസ്റ്റ് പാർട്ടി ചെയർമാൻ സ: ഗോൺസാലോയുടെ അറസ്റ്റിൽ പ്രതിഷേധിച്ച് വിപ്ലവസാർവ്വദേശീയ പ്രസ്ഥാനം ലണ്ടനിൽ വച്ചുനടത്തിയ പത്രസമ്മേളനത്തിൽ സഖാവ് പങ്കെടുത്തിരിന്നു.

ക്രൂഷ്ചേവിന്റെ നേതൃത്വത്തിലുള്ള തിരുത്തൽവാദത്തിനെതിരെ ശക്തമായ വാദപ്രതിവാദം പൊട്ടിപ്പുറപ്പെട്ടപ്പോൾ പീററർ കെൻമെൻ ജനറൽ സിക്രട്ടറി ആയിട്ടുള്ള സിലോൺ കമ്മ്യൂണിസ്റ്റുപാർട്ടിക്കകത്ത് പ്രത്യയശത്രപരമായി ശരിയായ നിലപാടെടുക്കുന്നതിനു വേണ്ടിയുള്ള സജീവസമരത്തിന് സ: ഷൺമുഖദാസൻ നേതൃത്വം നൽകി.

1962 ൽ ഇന്ത്യയും ചൈനയും തമ്മിലുള്ള യുദ്ധം പൊട്ടിപുറപ്പെട്ടപ്പോൾ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ തിരുത്തൽവാദ നേതൃത്വം ദേശീയ സങ്കുചിതവാദത്തിന് പാർട്ടിയെ പൂർണ്ണമായും അടിയറവെക്കുകയാണ് ചെയ്തത്. ഈ സന്ദർഭത്തിൽ യുദ്ധകാരണങ്ങളെ സംബന്ധിച്ച് ലേഖനങ്ങളും കുറിപ്പുകളും സ: ഷൺമുഖദാസന്റെ നേതൃത്വത്തിൽ രൂപംകൊണ്ട സിലോൺ കമ്മ്യൂണിസ്റ്റ് പാർട്ടി(മാ- ലെ)യുടെ തമിഴ് പ്രസിദ്ധീകരണമായിരുന്ന ''തൊഴിലാളി''യിൽ തുടർച്ചയായി പ്രസിദ്ധീകരിക്കപ്പെട്ടത്, സർവ്വദേശീയ നിലപാടിൽ നിന്നുകൊണ്ട് അന്ന് യുദ്ധത്തിനെതിരായി പ്രവർത്തിച്ചിരുന്ന എന്നെ പോലെയുള്ള പ്രവർത്തകർക്ക് കരുത്തുററ ഒരായുധമായി വർത്തിച്ചു. പ്രസ്തുത വാരികയുടെ വിതരണം അതുകൊണ്ടുതന്നെ തമിഴ്നാട് സർക്കാർ പിന്നീടു നിരോധിക്കുകയുണ്ടായി.

സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്ത് നടന്ന പ്രത്യയശാസ്ത്രപരമായ വാദപ്രതിവാദം സംബന്ധിച്ചരേഖകൾ, ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധം ശത്രുതാപരമായതോടെ ഇന്ത്യക്കകത്ത് എത്തുക എന്നത് അന്ന് പ്രയാസമുള്ള കാര്യമായിരുന്നു. അന്നത്തെ ഔദ്യോഗിക പാർട്ടി നേതൃത്വത്തിനെതിരായി രഹസ്യമായ സമാന്തരപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്ന ഞങ്ങൾക്ക് (അന്ന് ഞങ്ങളുടെ പ്രവർത്തനകേന്ദ്രം മദിരാശി ആയിരുന്നു.) ഇത് ഏറെ പ്രതിസന്ധികൾ ഉണ്ടാക്കിയിരുന്നു. പ്രത്യയശാസ്ത്രപരമായ വാദപ്രതിവാദം സംബന്ധിച്ച രേഖകൾ ആവശ്യാനുസരണം ലഭിക്കുന്നതിനുവേണ്ട എല്ലാ ഏർപ്പാടുകളും സഖാവ് ചെയ്തുതന്നു. ഞങ്ങൾ പ്രത്യയശാസ്ത്രത്തിന്റെ കാര്യത്തിലെന്നപോലെ സാമ്പത്തികമായും സംഘടനാപരമായും വളരെ ദുർബ്ബലരായിരുന്നു. അത് മനസ്സിലാക്കിയ സ: ഷൺമുഖദാസൻ പ്രത്യയശാസ്ത്രപരമായ രേഖകളുടെ തമിഴ്, മലയാള വിവർത്തനങ്ങൾ ശ്രീലങ്കയിൽ തന്നെ അച്ചടിച്ച് പുസ്തക രൂപത്തിൽ എത്തിച്ചു തരികയാണുണ്ടായത്.

''തിരുത്തൽവാദത്തിനെതിരെ' എന്ന ശീർഷകത്തിൽ സി പി. എം. അതിന്റെ 7ാം പാർട്ടികോൺഗ്രസ്സിൽ അംഗീകരിച്ച രേഖ എത്രമാത്രം തിരുത്തൽവാദപരമാണെന്ന് ചൂണ്ടിക്കാട്ടുന്ന ഒരു വിമർശനക്കുറിപ്പു തയ്യാറാക്കി 1966 നവംബറിൽ CPI (M)ന്റെ തമിഴ്നാട് നേതൃത്വത്തിന് സഖാവ് എത്തിച്ചുകൊടുക്കുകയുണ്ടായി. പാർട്ടിക്കകത്ത് വിപ്ലവകാരികളായ സഖാക്കൾക്ക് തങ്ങളു

ടെ ഉൾപ്പാർട്ടി സമരം സജീവമാക്കുന്നതിനും പിൽക്കാലത്ത് CPI (M)ൽ നിന്ന് പുറത്ത് വരുന്നതിനും ആ രേഖ ഒരു വഴികാട്ടി ആയിത്തീർന്നു.

സാർവ്വദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിനകത്തെ പ്രത്യയശാസ്ത്രസമരവും ചൈനയിലെ തൊഴിലാളിവർഗ സാംസ്ക്കാരിക വിപ്ലവവും സംബന്ധിച്ചുള്ള രേഖകൾ ഞങ്ങൾക്കപ്പോഴും കിനിഞ്ഞെത്തിക്കൊണ്ടിരുന്നത് സിലോൺ കമ്മ്യൂണിസ്റ്റ് പാർട്ടി (മാ-ലെ) വഴിക്കായിരുന്നു.

1967-ൽ നക്സൽബാരി കലാപം പൊട്ടിപ്പുറപ്പെട്ടപ്പോൾ ലോകത്തെമ്പാടുമുള്ള മാർക്സിസ്റ്റ്—ലെനിനിസ്റ്റുകളോടൊപ്പം സഖാവ് ഷൺമുഖദാസനും അദ്ദേഹം നയിക്കുന്ന പാർട്ടിയും പ്രസ്തുത കലാപത്തെ കലവറയില്ലാതെ സ്വാഗതം ചെയ്യുകയാണുണ്ടായത്. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിക്കകത്തെ വിപ്ലവകാരികളുടെ കോർഡിനേഷൻ കമ്മററി എന്ന പേരിൽ രൂപീകൃതമായ അഖിലേന്ത്യാ കമ്മററി കൽക്കത്തയിൽനിന്നും പ്രസിദ്ധീകരിച്ച 'ലിബറേഷൻ' എന്ന ഇംഗ്ലീഷ് മാസികയിൽ അദ്ദേഹം എഴുതിയ ''മാവോ സേതൂങ്ങ് ചിന്തക്ക് മാത്രമേ ഇന്ത്യൻ വിപ്ലവത്തെ വിജയത്തിലേക്ക് നയിക്കാൻ കഴിയൂ'' എന്ന ലേഖനം അക്കാലത്തെ പ്രവർത്തനങ്ങൾക്കുള്ള 4 അടിസ്ഥാന രേഖകളിൽ ഒന്നായി താൽക്കാലികമായി സ്വീകരിക്കപ്പെടുകയാണുണ്ടായത്. കേരളത്തിൽ മാത്രം ഇതിന്റെ മലയാളപരിഭാഷ നിരവധി പ്രാവശ്യങ്ങളിലായി ആയിരക്കണക്കിന് അച്ചടിച്ച് വിതരണം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസക്തങ്ങളായ പല ലേഖനങ്ങളും അന്ന് ലിബറേഷൻ പ്രസിദ്ധീകരിച്ചിരുന്നു. ഈ കാലഘട്ടത്തിൽ കോർഡിനേഷൻ കമ്മററി നേതാക്കളുടെ ചില വിഭാഗീയ നിലപാടുകൾക്കെതിരായും അദ്ദേഹം ഉചിതമായ മാർഗ്ഗങ്ങളിലൂടെ വിമർശനങ്ങൾ ഉന്നയിച്ചിരുന്നു. നക്സൽബാരി കലാപത്തെ തുടർന്ന് 1968 ൽ കേരളത്തിൽ തലശ്ശേരി-പുൽപ്പള്ളി ആക്ഷൻ നടന്നപ്പോൾ പൊതുവിൽ അതിനെ ഉയർത്തിപ്പിടിക്കുകയും അതിന്റെ അടിസ്ഥാന പിശകുകളെ ചൂണ്ടിക്കാട്ടി കേരള വിപ്ലവകാരികളെ നേർവഴിക്ക് തിരിക്കുന്നതിലും ഷൺമുഖദാസൻ തികഞ്ഞ വ്യാകുലതയാണ് കാണിച്ചത്.

കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾക്കിടയിൽ ജ്വലിക്കുന്ന ഒരു മാതൃകയായി സ: ഷൺമുഖദാസൻ എന്നും നിലനിൽക്കുക തന്നെ ചെയ്യും. സഖാവിന്റെ അടിയുറച്ച സൈദ്ധാന്തിക നിലപാടും, എന്നും സജീവമായ പ്രത്യയശാസ്ത്ര സമരത്തിനുള്ള ഒരുക്കവും, തൊലാളിവർഗ സാർവ്വദേശിയ ബോധവുമാണ് ഈ ബഹുമതിക്ക് അദ്ദേഹത്തെ അർഹനാക്കിയത്. അദ്ദേഹത്തിനോ അദ്ദേഹം നേതൃത്വം നൽകിവന്ന പാർട്ടിക്കോ ശ്രീലങ്കയിൽ എന്തുകൊണ്ട് ഒരു വിപ്ലവ മുന്നേററം ഉണ്ടാക്കാൻ കഴിഞ്ഞില്ല എന്നത് വിലയിരുത്തപ്പെടേണ്ടതുണ്ടെങ്കിലും അത് ഈ കുറിപ്പിന്റെ പരിധിയിൽ വരുന്നില്ല. 70 കളിൽ ചേഗുവാരിസ്റ്റുകൾ ശ്രീലങ്കയിൽ നടത്തിയ കലാപത്തിലും സമീപകാലത്ത് തമിഴ് വിമോചന പ്രസ്ഥാനങ്ങൾ നടത്തുന്ന പോരാട്ടത്തിലും . പ [illegible] സിലോൺ കണ്ട്യൂണിസ്റ്റ് [illegible] (മാ—ലെ.)യിൽ നിന്നും അതിന്റെ ബഹുജനസംഘടനകളിൽ നിന്നും ധാരാളം യുവതീയുവാക്കൾ വിട്ടുപോയിട്ടുണ്ട്. എന്തുകൊണ്ടിങ്ങനെ സംഭവിച്ചു? ഇത് ശ്രീലങ്കയിലെ വിപ്ലവകാരികളായ സഖാക്കളും അവരുടെ പാർട്ടിയും വിലയിരുത്തുമെന്ന് പ്രത്യാശിക്കാം.

**എം. എൻ. രാവുണ്ണി**


**'മുന്നണിപ്പട'**

വാർഷികം — 12.00

അർദ്ധവാർഷികം — 6.00

ഏജൻസികൾക്ക് 25% കിഴിവ്

മണിഓർഡറുകൾ, ലേഖനങ്ങൾ, റിപ്പോർട്ടുകൾ അയക്കേണ്ട വിലാസം :

കെ. എസ്. സുനിൽ
3/209, പുത്തൻപുരയിൽവീട്,
സൗത്ത് ചിററൂർ, കൊച്ചി—27

മാവോസേതൂങ്ങ്... ...
6-ാം പേജിൽ നിന്നു തുടർച്ച

പ്രഖ്യാപിക്കുന്നു. എന്നാൽ സങ്കുചിതമായ സ്വാർത്ഥതാല്പര്യത്തിന്റേതായ ഇവരുടെ മുതലാളിവർഗ പ്രത്യയശാസ്ത്രം ആധുനിക അടിമത്തത്തിനുള്ള ദയനീയ പ്രതിരോധം മാത്രമാണ്; നമ്മുടേതാകട്ടെ ഉണർവ്വിന്റെ, വിമോചനത്തിന്റേതാണ്. അവർ കീഴ്പ്പെടുത്തുകയും ആ മുതുകുകളിൽ സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കുകയും ചെയ്യുന്ന അദ്ധ്വാനിക്കുന്ന ജനങ്ങളുടെ താല്പര്യമുറ്റുന്ന മനസ്സുകളിൽനിന്നും കൈകളിൽ നിന്നും വിപ്ലവലോകവീക്ഷണത്തെ അകറ്റിനിർത്താൻ അവർക്ക് വമ്പൻ സാംസ്ക്കാരിക ആയുധശേഖരങ്ങൾ [illegible] പറ്റു. ലെനിനേയും മാവോ സേതൂങ്ങിനെയും ഇവർ നയിച്ച യുഗഭേദകമായ ബഹുജനവിപ്ലവങ്ങളെയും പരിഹസിച്ച്, പിന്തിരിപ്പൻ മുതലാളിത്ത ഡൈനോസോറുകളായ യെൽറ്റ്സിനെയും ദെങ്ങ് സിയാഓപിങ്ങിനെയും വിശ്വാസ്യതയോടെ അവതരിപ്പിക്കാൻ അതല്ലാതെ മറ്റെന്തു മാർഗമാണുള്ളത്. സ്വാതന്ത്ര്യത്തിനും നീതിക്കും വേണ്ടി പൊരുതുന്ന പാലസ്തീനിലെയും ലോസ് ഏഞ്ചൽസിലെയും ധീരകലാപകാരികളെ, പാലൂട്ടുന്ന കൈക്കിട്ട് കടിക്കുകയും സ്വന്തം വാസസ്ഥലങ്ങൾ തീയിടുകയും ചെയ്യുന്ന വിവരംകെട്ട യുവാക്കളായി ചിത്രീകരിക്കാൻ മറ്റെന്തു മാർഗമുണ്ടവർക്ക്?

പെറുവിൽ ആളിപ്പടരുന്ന ജനകീയ യുദ്ധത്തെ സൈനികമായി തകർക്കാനും പ്രത്യയശാസ്ത്രപരവുമായി വളഞ്ഞിടാനും പിന്തിരിപ്പൻമാരും സാമ്രാജ്യത്വവാദികളും ഭ്രാന്തുപിടിച്ചപോലെ പണിയെടുക്കുന്നതിൽ ആണ് ഈ രണ്ടു ലോകവീക്ഷണങ്ങൾ തമ്മിലുള്ള സംഘട്ടനം ഇന്ന് മറ്റേതുപ്രദേശത്തേക്കാളുമേറെ വ്യക്തമായിരിയ്ക്കുന്നത് അവിടെ യു.എസ് സാമ്രാജ്യത്വത്തിന്റെ അഴിമതിയിൽ മുങ്ങിയ പാവഭരണത്തെ തകർത്തെറിഞ്ഞ് പുതിയതൊഴിലാളിവർഗ ഭരണകൂടത്തിന് ജന്മം നല്കാൻ മാർക്സിസ്റ്റ്—ലെനിനിസ്റ്റ്—മാവോയിസ്റ്റ് പെറു കമ്മ്യൂണിസ്റ്റ് പാർട്ടി കർഷകരെയും തൊഴിലാളികളെയും നയിക്കുകയാണ്; മധ്യവർഗങ്ങളിലുള്ള വലിയൊരു വിഭാഗം ബുദ്ധിജീവികളുടെയും മറ്റും പിന്തുണയോടെ, കമ്മ്യൂണിസം എന്നന്നേക്കുമായി നശിച്ചുവെന്ന്, ഇതിന്റെ പ്രത്യയശാസ്ത്രംഉപയോഗശൂന്യവും പഴഞ്ചനുമായി എന്ന് ലോകത്തിലെ ഭരണാധിപന്മാർ പ്രഖ്യാപിച്ചുതീരും മുമ്പ് ഇതാ തൊഴിലാളിവർഗം നയിക്കുന്ന ഒരു പുതിയ ജനകീയ ഭരണകൂടം ഒരിക്കൽകൂടി രാഷ്ട്രീയ വേദിയിലേക്ക് പ്രവേശിക്കാൻ ഒരുമ്പെടുന്നു, ലോകത്തുടനീളമുള്ള മർദ്ദിതരുടെ ആശകൾക്ക് തിളക്കം നല്കുന്നു. ഇപ്പോൾ ആ വീമ്പു പറഞ്ഞ മർദ്ദകർ സ്വന്തം ബലഹീനത അംഗീകരിച്ചുകൊണ്ട് പി.സി.പിയുടെ ചെയർമാനും ലക്ഷങ്ങളുടെ വിപ്ലവനായകനുമായ സഖാവ് ഗോൺസാലോവിനെ ലോകത്തെ ഏറ്റവും വലിയ അപകടകാരിയായി എല്ലാ ശക്തിയുമുപയോഗിച്ച് ആക്രമിക്കാൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു. ആർക്ക് അപകടകാരി?

1993, ഈ മെയ് ഒന്നിന്, ജനകീയ യുദ്ധം മുന്നേറ്റം തുടരുമ്പോൾ ചെയർമാൻ ഗോൺസാലോയുടെ ജീവൻ സംരക്ഷിക്കാൻ ലോകത്തിന്റെ എല്ലാ കോണുകളിലും ഊർജ്ജസ്വലരായി മുന്നേറുന്ന പോരാട്ടത്തിന്റെ ഫലം ഇനിയും തീരുമാനിക്കപ്പെടേണ്ടിയിരിക്കുന്നു. നിത്യേനയെന്നോണം ഈ പോരാട്ടത്തിന് പുതിയ ശക്തികളുടെ പിന്തുണ ലഭിക്കുന്നുണ്ട്. പെറുവിൽ തങ്ങൾ കാട്ടിക്കൂട്ടുന്ന ക്രിമിനൽ നടപടിയോട് ലോകവ്യാപകമായി ഉയർന്നുവരുന്ന എതിർപ്പ് നിരോധിക്കാനും കടിഞ്ഞാണിടാനും പിന്തിരിപ്പന്മാരെയും സാമ്രാജ്യത്വവാദികളെയും നിർബന്ധിക്കുന്ന അവസ്ഥയിലേക്ക് ഈ ശക്തമായ പ്രത്യാക്രമണം വളർന്നിരിക്കുന്നു ശത്രുക്കളും മിത്രങ്ങളും തമ്മിലുള്ള വർഗ വിഭജനരേഖ കുറെകൂടി വ്യക്തമായി വരുന്നു. സഖാവ് ഗോൺസാലോയുടെ ജീവൻ സംരക്ഷിക്കുന്നതിനുള്ള ഈ നിർണ്ണായക സമരത്തെ കുറെകൂടി ഉയർന്ന തലത്തിലേക്ക് വികസിപ്പിക്കുന്ന പ്രശ്നമാണ്, സ്വന്തം മിത്രങ്ങളെയും സഖ്യശക്തികളെയും കുറെകൂടി വ്യാപകമായി നയിക്കാനും ഐക്യപ്പെടുത്താനും തൊഴിലാളിവർഗം മുന്നേറുന്നതിന്റെ പ്രശ്നമാണ് ഇത് ഉന്നയിക്കുന്നത്.

മാവോ സേതൂങ്ങിന്റെ പാരമ്പര്യം ലോകഭരണാധിപന്മാരെ വേട്ടയാടുന്നു. സ്വന്തം വിമോചനം സാധ്യമാക്കുന്ന ഏക പ്രത്യയശാസ്ത്രം സ്വീകരിക്കുന്നതിൽ നിന്ന് മർദ്ദിതരെ തടഞ്ഞുനിർത്താനാണ് അവർ തങ്ങളുടെ കമ്മ്യൂണിസ്റ്റ് വിരുദ്ധകാംപേനിലൂടെ ശ്രമിക്കുന്നത്. എന്നാൽ ഈ മെയ് 1ന്, ഞങ്ങൾ സ്വന്തം പ്രത്യയശാസ്ത്രപ്രത്യാക്രമണം ശക്തിപ്പെടുത്തുകയും ലോകത്തുടനീളം വിപ്ലവത്തിനുള്ള സമരം ഊർജ്ജ്ജിതപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ഈ പാരമ്പര്യം വ്യാപകമായി പ്രചരിപ്പിക്കും, തൊഴിലാളിവർഗ വിപ്ലവകാരികളുടെ നിരവധി പുതിയ ഘടകങ്ങളെ പരിശീലിപ്പിക്കും. ശത്രുവിന്റെ ഇരുമ്പഴികൾക്കുള്ളിൽ നിന്ന് സഖാവ് ഗോൺസാലോ സുചിന്തിതമായി ആഹ്വാനം ചെയ്തതുപോലെ നമുക്ക് മാവോസെതൂങ്ങ് ജന്മശതാബ്ദിയെ അവിസ്മരണീയമാം വിധം ആഘോഷിക്കാം.

**മാർക്സ്, ലെനിൻ, മാവോസേതൂങ്ങ് എന്നിവരുടെ ചുവന്ന കൊടികൂറകൾ ഉയർത്തിപിടിക്കുക!**
**ചെയർമാൻ ഗോൺസാലോയുടെ ജീവൻ സംരക്ഷിക്കാൻ ലോകം കീഴ്മേൽ മറിക്കുക!**
**പെറുവിപ്ലവത്തിന്റെയും സർവ്വദേശീയ കമ്മ്യൂണിസ്റ്റുപ്രസ്ഥാനത്തിന്റെയും മുൻനിരകളിൽ തന്നെ നമുക്ക് സഖാവ് ഗോൺസാലോയെ ആവശ്യമാണ്!**
**അദ്ദേഹത്തിന്റെ വിമോചനത്തിനായ് പോരാടുക!**
**ചുവന്ന മേയ് 1, തൊഴിലാളിവർഗ സാർവ്വദേശീയതയുടെ ദിവസം സിന്ദാബാദ്!**
**വിപ്ലവ സാർവ്വദേശീയ പ്രസ്ഥാനം സിന്ദാബാദ്!**

**വിവപ്ല സർവ്വദേശീയ പ്രസ്ഥാനത്തിന്റെ സമിതി**

# ദളിതുകൾക്ക് തെരഞ്ഞെടുപ്പല്ല, ജനകീയ യുദ്ധമാണ് വേണ്ടത്

ആഗോള തലത്തിൽ കമ്മ്യൂണിസത്തിനെതിരെ സാമ്രാജ്യത്വ ശക്തികൾ അഴിച്ചുവിട്ട കടന്നാക്രമണത്തിനു മുമ്പിൽ കീഴടങ്ങിയവർ സി. ആർ. സി, സി. പി. ഐ (എം-എൽ) പിരിച്ചുവിടുകയും കമ്മ്യൂണിസ്റ്റുപാർട്ടിയെ ഇല്ലാതാക്കൻ ശ്രമിക്കുകയും ചെയ്ത സാഹചര്യത്തിലാണ് കേരള കമ്മ്യൂണിസ്റ്റു പാർട്ടി രൂപം കൊള്ളുന്നത്. പഴഞ്ചൻ ബൂർഷ്വാ വാദങ്ങളെ കടമെടുത്തും ഗാന്ധീയൻ പ്രത്യയശാസ്ത്രത്തിന് കീഴ്പ്പെട്ടും കെ. വേണു നടത്തിയ കമ്മ്യൂണിസ്റ്റു വിരുദ്ധ പ്രചരണങ്ങൾക്ക് മറുപടി നല്കുന്നതിലും, സമാധാനപരമായ പരിവർത്തനമെന്ന തിരിത്തൽവാദ വീക്ഷണം അടിച്ചേല്പിക്കാൻ ശ്രമിച്ചവർക്കെതിരെ 'സവർണ്ണ-ദല്ലാൾ ഭരണകൂടത്തിനെതിരെയുള്ള മർദ്ദിതരുടെ സായുധ പോരാട്ടമാണ് ജനാധിപത്യത്തിന്റെ മുഖ്യഉറവിടം' എന്ന ശരിയായ നിലപാട് സ്വീകരിക്കുന്നതിലും വിജയിച്ച വിപ്ലവപക്ഷം പുനഃസംഘടനാപ്രവർത്തനങ്ങളുടെ നേതൃത്വം ഏറ്റെടുത്തതോടെ കെ.സി.പി ഒരു വിപ്ലവസംഘടനയായി രൂപാന്തരപ്പെടുത്തുന്ന പ്രവർത്തനങ്ങൾക്ക് ആക്കം കൂടുകയും ചെയ്തു. ജാതിരഹിത, മതേതര, സ്വാശ്രിത കേരള സൃഷ്ടിക്കായി ജാതിനശീകരണ, വിമോചന യുദ്ധത്തിന്റെ സാമ്രാജ്യത്വ വിരുദ്ധ, ബ്രാഹ്മണ്യവിരുദ്ധ കടമകൾക്കനുസൃതമായി നിലപാടുകൾ സ്വീകരിച്ചും, ചെറിയ ശക്തിയാണെങ്കിലും പ്രായോഗിക കടമകൾ ഏറ്റെടുത്തും, തടവിലാക്കപ്പെട്ട പെറുകമ്മ്യൂണിസ്റ്റുപാർട്ടി ചെയർമാൻ സഃ ഗോൺസാലോയുടെ ജീവൻ സംരക്ഷിക്കുന്നതിന് നടക്കുന്ന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തുകൊണ്ടും കെ.സി.പി കഴിഞ്ഞ 2 വർഷങ്ങൾക്കുള്ളിൽ ജനങ്ങളുടെ വിപ്ലവാഭിലാഷങ്ങൾക്കനുയോജ്യമായ ദിശയിൽ മുന്നേറുകയായിരുന്നു. നീണ്ടകാലത്തെ തിരുത്തൽവാദ പിരിച്ചുവിടൽ വാദം ആധിപത്യത്തിലൂടെ വേരുറച്ച തെറ്റായ ചിന്താരീതിയും പ്രവർത്തനശൈലിയും സംഘടനാസംവിധാനങ്ങളും പിഴുതുകളഞ്ഞ് സവർണ്ണ-ദല്ലാൾ ഭരണകൂടത്തെ തകർക്കുന്ന ജനകീയ യുദ്ധം കെട്ടഴിച്ചുവിടാനും നയിക്കാനും കെല്പുള്ള ഒരു വിപ്ലവകേന്ദ്രമായി തീരുക എന്ന ലക്ഷ്യമായിരുന്നു ഈ എല്ലാ പ്രവർത്തനങ്ങൾക്കും അടിസ്ഥാനമായിരുന്നത്.

ഈ വിപ്ലവദിശയ്ക്കൊപ്പം നീങ്ങാൻ കഴിയാതെ പുതിയ ഭാഷ്യങ്ങളിലൂടെ മാർക്സ്സുവിരുദ്ധ സമീപനങ്ങൾ നിലനിർത്താൻ ശ്രമിച്ച കെ.സി.പി നേതൃത്വത്തിലെ ഒരു വിഭാഗത്തിന്റെ സ്വാഭാവിക അധപതനമാണ് പാർട്ടി നേതൃത്വസമിതിയുടെ അംഗമായിരുന്ന ഇ.പി. കുമാരദാസിനെ സ്ഥാനാർത്ഥിയാക്കി നിർത്തി ഒററപ്പാലം ഉപതെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള നീക്കത്തിലൂടെ ഇപ്പോൾ വ്യക്തമായിരിക്കുന്നത്. പാർട്ടി നേതൃത്വത്തിലെ മററംഗങ്ങളെയും അണികളെയും കബളിപ്പിച്ച് തെരഞ്ഞെടുപ്പ് പ്രചരണം നീക്കിയതിനു ശേഷം ഈ തിരുത്തൽവാദ ജീർണ്ണതയ്ക്കുപിന്നിൽ അവരെ നിർബന്ധിച്ച് അണിനിരത്താൻ കഴിയുമെന്നായിരുന്നു അവർ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ വിപ്ലവനിലപാടുകളിൽ ഉറച്ചുനിന്ന ബഹുഭൂരിപക്ഷവും കെ.സി.പി ഏറെറടുത്ത കടമകളുമായി മുന്നേറുവാനുള്ള ദൃഢനിശ്ചയത്തിൽ ഉറച്ചുനില്ക്കുകയും അതിനുവിരുദ്ധമായി പ്രവർത്തിക്കുന്നവരെ പുറന്തള്ളിക്കൊണ്ട് പാർടിയുടെ നേതൃത്വം പുനഃസംഘടിപ്പിക്കുകയും ചെയ്തതോടെ ഈ പുത്തൻ പിരിച്ചുവിടൽവാദ ഗൂഢാലോചനയും തകർക്കപ്പെട്ടിരിക്കുന്നു.

ജാതിനശീകരണത്തിൽ തൊഴിലാളിവർഗ പാർടി നിർവ്വഹിക്കേണ്ട നേതൃത്വപരമായ പങ്കും ഇതിനനുസൃതമായി സാമ്രാജ്യത്വ, സവർണ്ണ ദല്ലാൾ ശക്തികളുടെ ചൂഷണത്തിന്റെയും ആധിപത്യത്തിന്റെയും ഏററവും തിക്തമായ ഫലങ്ങൾ അനുഭവിക്കുന്ന ദളിതുകളിൽ നിലയുറപ്പിക്കുന്നതിന്റെ പ്രാധാന്യവും, കെ. വേണുവിന്റെ പിരിച്ചുവിടൽവാദത്തെ എതിർത്തു പരാജയപ്പെടുത്തുന്നതിനുള്ള സമരത്തിലെ ഒരു കേന്ദ്രവിഷയമായിരുന്നു. തൊഴിലാളിവർഗ നിലപാടിൽനിന്ന് ഡോഃ അംബേദ്കറുടെ പഠനങ്ങളെ സ്വാംശീകരിക്കുന്ന സമീപനത്തിലൂടെയാണ് പാർടിക്കുള്ളിൽ ഈ സമരം വികസിച്ചുവന്നത്. ദളിത് പക്ഷപാതിത്വമുള്ള തൊഴിലാളിവർഗ നിലപാടിലൂടെ മാർക്സിസത്തെ മലയാളീകരിക്കുന്ന സമീപനത്തിൽ കെ.സി.പി എത്തിച്ചേരുകയും ചെയ്തു. ഈ ശരിയായ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് കെ.സി.പിക്ക് സ്ത്രീവിമോചനം, സവർണ്ണ ഫാസിസത്തിനെതിരെയുള്ള സമരം, ദളിത്-പിന്നോക്ക-മതന്യൂനപക്ഷ-പുരോഗമനശക്തികളുടെ ഐക്യം എന്നീവിഷയങ്ങളിൽ ജാതിനശീകരണ, ദേശീയ വിമോചനയുദ്ധത്തിന്റെ കാഴ്ച[illegible] യായ മുദ്രവാക്യങ്ങൾ [illegible]ക്കാനും പ്രയോഗത്തിന് തുടക്കം കുറിക്കാനും കഴിഞ്ഞത്. ഇതിനെല്ലാം വിരുദ്ധമായി മാർക്സിസത്തിനു പകരം 'ദളിത് പ്രത്യയശാസ്ത്രവും' തൊഴിലാളിവർഗ നിലപാടിനുപകരം 'ദളിത്നിലപാടും' ഉയർത്തിപിടിക്കുന്ന പുത്തൻ പിരിച്ചുവിടൽ വാദികൾ സ്വയം പെററിബൂർഷ്വാ തെരഞ്ഞെടുപ്പ് വ്യാമോഹങ്ങളിൽ കുടുങ്ങുകമാത്രമല്ല [illegible]ണ്ഡല' സംരക്ഷണത്തിന്റെ പേരിൽ ഭൂരിപക്ഷവും തൊഴിലാളികളായ ദളിതുകളെ സവർണ്ണ-ദല്ലാൾ ഭരണകൂടത്തിന്റെ കപട ജനാധിപത്യ വ്യവസ്ഥയുടെ കീഴിൽ പിടിച്ചു നിർത്തുന്ന പണി ഏറെറടുത്തിരിക്കുകയും ചെയ്തിരിക്കുന്നു. രൂക്ഷമായ പ്രതിസന്ധിയിൽ അകപ്പെട്ട ഭരണവർഗം ജാതിസംവരണം മാത്രമല്ല മറെറല്ലാ ജനകീയ അവകാശങ്ങളും നശിപ്പിച്ച് നഗ്നമായ സവർണ്ണാധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുന്ന സവർണ്ണഫാസിസത്തിന് അനുകൂലമായി നീങ്ങികൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വിമോചനത്തിനുള്ള ഏക മാർഗം ഈ ഭരണകൂടത്തെ തന്നെ തകർക്കുന്ന ജനകീയ യുദ്ധമാണെന്ന യാഥാർത്ഥ്യം മറച്ചുവച്ച് തെരഞ്ഞെടുപ്പ് വ്യാമോഹങ്ങൾ പരത്തുന്ന ഇവരെ വിപ്ലവബോധമുള്ള ജനങ്ങൾ പുച്ഛത്തോടെ തള്ളികളയുമെന്ന് ഞങ്ങൾക്ക് ഉറപ്പുണ്ട്.

**എം. എൻ. രാവുണ്ണി**
**സെക്രട്ടറി, കേന്ദ്രപ്രചരണ സമിതി, കേരള കമ്മ്യൂണിസ്റ്റുപാർട്ടി.**

കഴിഞ്ഞകാലങ്ങളിൽ കേരളത്തിൽ നടന്ന സാമുദായിക ഏകീകരണ ശ്രമങ്ങളുടെ ചരിത്രം വിഭിന്നമായ രണ്ടു ധാരകളെ പ്രകടമാക്കുന്നുണ്ട്. സവർണ്ണരുടെ, നായർ ഉപജാതികളുടെ ഏകീകരണ പ്രസ്ഥാനം, ആരംഭഘട്ടത്തിലെ പരിമിതമായ ബ്രാഹ്മണ വിമർശനത്തിൽനിന്ന് വളരെ പെട്ടെന്നുതന്നെ അകലുകയും സവർണ്ണചേരിയുടെ പുനഃർഘടനയിൽ അവസാനിക്കുകയും ചെയ്തു. അവർണ്ണരുടെ, മുഖ്യമായും ഈഴവ ഉപജാതികളുടെ, പ്രസ്ഥാനം. ബ്രാഹ്മണ വിമർശനത്തെ വികസിപ്പിക്കുകയും മൗലികമായ ചലനങ്ങൾ സൃഷ്ടിക്കുകയും ഒടുവിൽ ഇത്തരത്തിലുള്ള ഏകീകരണ ശ്രമങ്ങളുടെ പരിമിതികളെ ലംഘിക്കാൻ ശ്രമിച്ച [illegible] പ്രസ്ഥാനത്തിന് ജന്മം [illegible] ചെയ്തു. എസ്. എൻ. ഡി. പി.യെ ഒരു ബഹുജന സംഘടനയാക്കി മാററാനുള്ള പ്രവർത്തനങ്ങൾ അരങ്ങേറിയ കാലഘട്ടത്തിൽതന്നെ ജാതിക്കതീതമായി 'ഗുരു' സങ്കൽപത്തെ നിർവ്വചിക്കാൻ ശ്രീനാരായണഗുരു നടത്തിയ ശ്രമങ്ങളും [illegible]ലംഘന പ്രവണതയെയാണ് പ്രകടമാക്കിയത്. ഈ രണ്ടു ധാരണകളും താരതമ്യം ചെയ്താൽ യഥാർത്ഥ ജനാധിപത്യ വൽക്കരണത്തിൽ ഇതിൽ രണ്ടാമത്തേതുമാത്രമെ പങ്കുവഹിച്ചിട്ടുള്ളുവെന്ന് കാണാൻ കഴിയും. പക്ഷെ ജാതീയ പരിധികൾ അതിലംഘിക്കാൻ ശക്തമായ ശ്രമങ്ങൾ ഉണ്ടായിട്ടുകൂടി അവർണ്ണധാര സാധിച്ച ജനാധിപത്യവൽക്കരണം ഭാഗികമായി ഒടുങ്ങി. ദളിതുകളുടെ മുൻകൈയ്യിൽ വികസിച്ചുവന്ന പ്രസ്ഥാനങ്ങൾക്കും ഇത് മറികടക്കാനായില്ല എന്നാണ് അയ്യൻകാളിയുടെയും ഡോ: അംബേദ്ക്കറുടെയും ഉദ്യമങ്ങളുടെ അനുഭവങ്ങൾ ചൂണ്ടിക്കാട്ടുന്നത്. ബ്രാഹ്മണ്യാധിപത്യത്തെ നേരിടുന്നതിൽ സൈദ്ധാന്തിക ഉൾക്കാഴ്ചകളിലും സമരരൂപങ്ങളിലും പൂർവ്വശ്രമങ്ങളെ കവച്ചു വയ്ക്കാൻ കഴിഞ്ഞപ്പോൾ തന്നെ സാമുദായിക ഏകീകരണം എന്ന പരിമിതമായ ലക്ഷ്യം പോലും നിറവേററപ്പെടാതെ അവശേഷിച്ചു. കേരളത്തിൽ ദളിതുജാതികൾക്കിടയിൽ നടന്ന മതപരിവർത്തനത്തെ കാരണമായി ചൂണ്ടികാട്ടുന്നവർ, ഡോ: അംബേദ്ക്കറുടെ ജന്മനാടായ മഹാരാഷ്ട്രയിൽ ഇന്ന് 'ദളിത്'ശബ്ദം മഹാർ ജാതിയുടെ പര്യായമായി തീർന്നിരിക്കുന്ന വസ്തുതക്കുനേരെ കണ്ണടക്കുക മാത്രമാണ് ചെയ്യുന്നത്. പൂർവ്വശ്രമങ്ങളുടെ അടിത്തറയായി നിലനിന്ന ജാതികളെ അപേക്ഷിച്ച് ജാതിഘടനയിലും അതിനനുസൃതമായി ഉല്പാദന വ്യവസ്ഥയിലും ദളിതുകൾക്ക് മുമ്പുണ്ടായിരുന്നതും ബഹുഭൂരിപക്ഷത്തിന്റെയും കാര്യത്തിൽ ഇപ്പോൾ തുടർന്നതുമായ കീഴാളസ്ഥാനമാണ് യഥാർത്ഥ പ്രശ്നം. മററുജാതികൾക്കിടയിൽ വളർന്ന്‌വന്ന പുത്തൻ ചൂഷകവർഗത്തിന്റെ പിൻബലത്തിൽ സാധ്യമായ സാമുദായിക ഏകീകരണം ആ ജാതികളിലെ ഭൂരിപക്ഷത്തിന്റെയും ഭൗതിക നേട്ടത്തിന് ഉപാധിയായി തീർന്നു. സവർണ്ണാധിപത്യത്തിന്റെയും കൂലിയടമത്തിന്റെയും (മുമ്പ് കാർഷിക അടിമത്തത്തിന്റെ) ഇരട്ട നുകങ്ങൾ പേറുന്ന ദളിതുകളൽ സാമുദായിക ഏകീകരണത്തിന് ഈ പങ്ക് നിർവ്വഹിക്കാൻ കഴിയില്ല. മുഖ്യമായും സംവരണത്തിലൂടെ രൂപം കൊണ്ട് തീർത്തും ചെറിയ ന്യൂനപക്ഷമായ പുതിയ ഇടത്തരം വർഗസംവരണ അവകാശ സംരക്ഷണത്തിന്റെ പരിമിതമായ ലക്ഷ്യം നിറവേററുന്നതിന് സൃഷ്ടിക്കുന്ന ഐക്യം അതാതു തൊഴിൽ സ്ഥലങ്ങളുടെ അതിരുകൾക്കുള്ളിൽ ഒതുങ്ങി നില്ക്കുന്നതിന്റെയും ഭൗതിക പശ്ചാത്തലം ഇതാണ്.

ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ചരിത്രത്തിന്റെ അവർണ്ണധാരയിലൂടെ വികസിച്ചുവന്ന പഴയ ജനാധിപത്യ സങ്കല്പത്തിന്റെ, ബൂർഷ്വാ ജനാധിപത്യത്തിന്റെ പരിമിതകളാണ് ഈ അനുഭവങ്ങൾ വ്യക്തമാക്കുന്നത്. സവർണ്ണാധിപത്യത്തിന്റെയും കൂലിയടിമത്തത്തിന്റെയും നുകങ്ങൾ പേറുന്ന ഭൂരിപക്ഷം ദളിതുകൾക്കും ജനകീയവിലക്കുകളിൽ നിന്നുള്ള മോചനം മാത്രം ഉറപ്പുനല്കുന്ന ജനാധിപത്യത്തിന്റെ അവസരസമത്വം, ജാതിയും ചൂഷണവും തമ്മിലുള്ള അഭേദ്യമായ ബന്ധമൂലം, ഒരു മരീചിക മാത്രമാണ്. അവസരസമത്വം യാഥാർത്ഥ്യമാകണമെങ്കിൽ ജാതിയ വിലക്കുകൾ മറികടക്കാൻ സഹായകരമായ സംവരണത്തിനപ്പുറം വിലക്കുകൾ നടപ്പാക്കുന്ന ശത്രുവിനെയും ഇതിന്റെ അധികാരത്തെയുമാണ് തകർക്കേണ്ടത്. ജാതിയ വിലക്കുകളിലൂടെയും വിഭജനത്തിലൂടെയും നിലനിൽക്കുന്ന സവർണ്ണ-ദല്ലാൾ ചൂഷണവും ആധിപത്യവുമാണ് നശിപ്പിക്കേണ്ടത്. ഇന്നത്തെ സാമ്രജ്യത്വയുഗത്തിൽ അതിന്റെതന്നെ പൂർവ്വകാല മൂല്യങ്ങളായ ബൂർഷ്വാജനാധിപത്യ ആശയങ്ങളിലൂടെ, ആ കടമ നിർവ്വഹിക്കുക സാധ്യമല്ല. ജാതിനശീകരണം, സവർണ്ണ-ദല്ലാൾ വർഗചൂഷണത്തിന്റെയും സാമ്രജ്യത്വ ചൂഷണത്തിന്റെയും നശീകരണവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ടുതന്നെ തൊളിലാളിവർഗ നിലപാടിന്റെ നേതൃത്വത്തിലുള്ള ജനാധിപത്യവൽക്കരണം കേന്ദ്രപ്രശ്നമായി തീരുന്നു. ഇതിനു മാത്രമെ ഇന്നത്തെഘട്ടത്തിൽ മുൻകാല ബ്രഹ്മണ്യവിരുദ്ധ പോരാട്ടങ്ങളുടെ, അവർണ്ണധാരയുടെ, പിന്തുടർച്ച ഏറെറടുക്കാനും പുതിയ ഐക്യത്തിന്റെ, പുതിയ സമൂഹത്തിന്റെ ദൃഢമായ അടിത്തറപാകാനും കഴിയൂ. തീർച്ചയായും, ചൂഷിതരിൽ ബഹുഭൂരിപക്ഷം വരുന്ന ദളിത്-പിന്നോക്ക-മതന്യൂനപക്ഷ വിഭാഗങ്ങൾക്കിടയിൽ, പ്രത്യേകിച്ചും ദളിതുകൾക്കിടയിൽ, സ്വന്തം അടിത്തറ ബോധപൂർവ്വം കണ്ടെത്തുന്നതിലൂടെയാണ് തൊഴിലാളിവർഗത്തിന്റെ വിപ്ലവപ്രസ്ഥാനത്തിന് ഈ കടമ നിർവ്വഹിക്കാൻ കഴിയുന്നത്, പക്ഷെ പരിഷ്ക്കരണവാദ മുദ്രാവാക്യങ്ങളിലൂടെ സ്വാകാര്യത നേടാനുള്ള കുറുക്കുവഴികൾക്ക് ഈ അടിത്തറ സൃഷ്ടിക്കാൻ കഴിയില്ല പരസ്പരം വിലപേശുകയും പൊതു ആവശ്യങ്ങളെ മുൻനിർത്തി സവർണ്ണ-ദല്ലാൾ ഭരണകൂടവുമായി വിലപേശുകയും ചെയ്യുന്നതിനുള്ള താല്കാലികഒത്തുകൂടലല്ല ഇന്നാവശ്യം. ദളിത്-പിന്നോക്ക-മതന്യൂപക്ഷ ഐക്യപ്രശ്നത്തെ ഈ രീതിയിൽ സമീപിക്കുന്ന പരിഷ്കരണ വാദവക്താക്കൾ, സവർണ്ണ ഫാസിസത്തിന്റെ ഓരോ കടന്ന ക്രമണത്തിനും മുമ്പിൽ സവർണ്ണ-ദല്ലാൾ ഭരണഘടനയുടെ തണലും തേടി ഒന്നുകൂടി ഉൾവലിയാൻ നിർബന്ധിതരാണ്. തീവ്രപ്രതിരോധത്തിന്റെ വക്താവായി പ്രത്യക്ഷപ്പെട്ട മദനിയും തീവ്രസവർണ്ണാധിപത്യ വിരോധത്തിന്റെ വക്താക്കളായി അവതരിച്ച കെ. സി. പിയിലെ പുത്തൻ വിരിച്ചുവിടൽവാദപക്ഷവും ഈ കാര്യത്തിൽ ഒരു വ്യത്യാസവും പ്ര[illegible]ഷിക്കുന്നില്ലെന്നത് ശ്രദ്ധേയമാണ്.

**കെ. മുരളീധരൻ**

കേരള കമ്മ്യൂണിസ്റ്റു പാർട്ടി കേന്ദ്രപ്രചരണ സമിതിക്കുവേണ്ടി എം. എൻ. രാവുണ്ണി അച്ചടിച്ചു പ്രസിദ്ധീകരിക്കുന്നത്. മുഖ്യപത്രാധിപർ : എം. എൻ. രാവുണ്ണി. അച്ചടി : ചിത്തിര , എറണാകുളം.